# ദി ഡിഫെൻഡർ

Vol. No. 9 Issue No. 1 RNI Reg. No. 68089 / 97 Published From Perumbavoor 2006 JANUARY 1

# ആർ.റ്റി.ഒ. റോസമ്മ വീണ്ടും വലവീശുന്നു

തൊടുപുഴ മുട്ടം ചർച്ച് ഓഫ് ഗോഡ് പാസ്റ്ററായ ബഞ്ചമിന്റെ ഭാര്യയും ആർ.റ്റി.ഒയുമായ റോസമ്മ വലയുമായി വീണ്ടും രംഗത്തെത്തിയിരിക്കയാണ്. കുപ്രസിദ്ധ തട്ടിപ്പുകാരനും വ്യഭിചാരിയുമായ സുരേഷ് ബാബുവാണ് ഇത്തവണ റോസമ്മയുടെ വലയിൽ കരുങ്ങിയിരിക്കുന്നത്. ജനുവരി ആദ്യ ആഴ്ചയിൽ റോസമ്മ നടത്തുന്ന കൺവെൻഷന് പ്രസംഗിക്കാൻ സുരേഷ് എത്തുന്നുണ്ട്.

റോസമ്മയെ പെന്തക്കോസ്തുകാർക്ക് അത്ര പെട്ടെന്ന് മറക്കാനാവില്ല. അത്ര കുപ്രസിദ്ധയാണ് ഈ കക്ഷി. ഭർത്താവായ ബഞ്ചമിനെ സ്നേഹിച്ചും ബഹുമാനിച്ചും കഴിഞ്ഞിരുന്ന ഒരു കാലം റോസമ്മയ്ക്ക് ഉണ്ടായിരുന്നു. അന്ന് റോസമ്മ ഒരു വീട്ടമ്മ മാത്രമായിരുന്നു. എന്നാൽ റോസമ്മയ്ക്ക് സർക്കാർ സർവ്വീസിൽ ജോലി കിട്ടിയതോടെ കഥയാകെ മാറി. റോസമ്മ ഭർത്താവും ബഞ്ചമിൻ ഭാര്യയുമായി മാറി.

കാലക്രമത്തിൽ റോസമ്മ ആർ.റ്റി.ഒ. ആയിത്തീർന്നു. അതോടെ അവരുടെ അഹങ്കാരം സകല അതിരും ഭേദിച്ചു. വെറും ഒരു പാസ്റ്ററുടെ ഭാര്യയായിരിക്കുന്നത് അന്തസ്സിന് ചേർന്നതല്ല എന്ന് അവർക്കു തോന്നി. കുറഞ്ഞപക്ഷം ഒരു സെന്റർ പാസ്റ്ററുടെ ഭാര്യയെങ്കിലും ആകാതെ പറ്റില്ല. പക്ഷേ ഒരു പ്രശ്നം: ബഞ്ചമിന് ഒരു പാസ്റ്ററായിരിക്കാനുള്ള കഴിവുപോലും ഇല്ല. പിന്നെങ്ങനെ സെന്റർ പാസ്റ്ററാക്കും? ബഞ്ചമിനല്ലേ കഴിവില്ലാതുള്ളൂ. റോസമ്മയ്ക്ക് വേണ്ടതിലധികം കഴിവുണ്ടല്ലോ. അങ്ങനെ റോസമ്മ തന്റെ കഴിവുകൊണ്ട്, രാവും പകലും അദ്ധ്വാനിച്ച്, ഭർത്താവിനെ സെന്റർ പാസ്റ്ററാക്കി. ബഞ്ചമിന് സെന്റർ പാസ്റ്റർ എന്ന പേരു മാത്രമേയുള്ളൂ, ഭരണം നടത്തുന്നത് റോസമ്മയാണ്.

പക്ഷേ, സർവ്വശക്തയായ റോസമ്മയ്ക്ക് അടുത്ത കാലത്ത് ഒരു കിണ്ടം പിണഞ്ഞു. ആഭരണം ഇടുന്നത് മഹാപാപമാണെന്നത്രേ കേരളത്തിലെ ചർച്ച് ഓഫ് ഗോഡ് വിശ്വസിക്കുന്നത്. റോസമ്മ ഓഫീസിൽ പോകുമ്പോൾ ആഭരണം ഇടും. അത് ഏറെയാരും അറിഞ്ഞിരുന്നില്ല. ആർ.റ്റി.ഒ. എന്ന നിലയ്ക്ക് റോസമ്മ ഒരു ദിവസം നടത്തിയ ഒരു പ്രസ്താവന ടി.വിയിൽ കാണിച്ചു. അതിൽ റോസമ്മ ആഭരണം ഇട്ടാണ് പ്രത്യക്ഷപ്പെട്ടത്. അത് ചർച്ച് ഓഫ് ഗോഡിലെ ചില നേതാക്കൻമാർ കണ്ടു. മാത്രമല്ല ഇതേപ്പറ്റി ഡിഫെൻഡറിൽ വാർത്തയും വന്നിരുന്നു. അതോടെ ചർച്ച് ഓഫ് ഗോഡിൽ പ്രശ്നമായി. ചർച്ച് ഓഫ് ഗോഡിലെ വനിതാ സംഘത്തിന്റെ തലപ്പത്തുനിന്നും റോസമ്മയെ അവർ പുറത്താക്കി. അത് റോസമ്മയ്ക്ക് കനത്ത പ്രഹരമായി.

അല്പകാലം അടങ്ങിയിരുന്നശേഷം റോസമ്മ വീണ്ടും തലപൊക്കി. ചർച്ച് ഓഫ് ഗോഡിന്റെ നേതൃത്വത്തിലുള്ള പലരേയും വലവീശി പാട്ടിലാക്കാനുള്ള ശ്രമം നടത്തുകയാണിപ്പോൾ. അതിൽ കാര്യമായ വിജയമൊന്നും നാളിതുവരെ ഉണ്ടായതായി അറിവില്ല.

എങ്ങനെയെങ്കിലും പഴയ പ്രതാപം വീണ്ടെടുക്കാതെ നിവൃത്തിയില്ലല്ലോ. അതിനുള്ള ഒരു മാർഗ്ഗമെന്ന നിലയിലാണ് ഇപ്പോൾ അത്യുഗ്രൻ കൺവെൻഷൻ നടത്തുന്നത്.

ആർ.റ്റി.ഒ. എന്ന പദവി ദുരുപയോഗം ചെയ്ത് റോസമ്മ കോടികൾ സമ്പാദിച്ചിട്ടുണ്ട്. അതുകൊണ്ട് പണത്തിന് പഞ്ഞമൊന്നുമില്ല. റോസമ്മയുടെ പണത്തിന്റെ പ്രതിഫലനം കൺവെൻഷനിൽ കാണാനുണ്ട്. ദേശമെങ്ങും വൻ പ്രചരണ കോലാഹലമാണ് നടക്കുന്നത്. ലക്ഷക്കണക്കിനു രൂപയുടെ പോസ്റ്ററുകളും ബാനറുകളും സ്ഥാപിച്ചു കഴിഞ്ഞു. സുരേഷ് ബാബുവെന്ന കള്ളന് ശരിക്കും ഷൈൻ ചെയ്യാം. ചർച്ച് ഓഫ് ഗോഡിലെ ഒരു നേതാവിന്റെ പേരുകൂടി പരസ്യങ്ങളിൽ ഉണ്ടെങ്കിലും അദ്ദേഹം ഈ മീറ്റിംഗിൽ പങ്കെടുക്കുകയില്ല എന്ന് അറിയുന്നു.

അഴിമതിക്കാരിയും ദുർന്നടപ്പുകാരിയുമായ റോസമ്മ എല്ലാ പെന്തക്കോസ്തുകാർക്കും അപമാനമാണ്. ഇങ്ങനെയുള്ളവരാണ് പാവപ്പെട്ട ദൈവമക്കൾക്ക് ദുഷ്പ്പേരുണ്ടാക്കുന്നത്. അതുകൊണ്ട് ദൈവമക്കൾ ഇവരുമായി സഹകരിക്കരുത്.

# അവൻ വന്നു

വ്യഭിചാരത്തിന്റെ അപ്പോസ്തലനായ കെ.സി.ജോൺ പെരുമ്പാവൂരിൽ വന്നു, പ്രസംഗിച്ചു, മടങ്ങി. (വേറെ വിശേഷമൊന്നുമില്ല). വിശേഷമൊന്നും ഇല്ല എന്ന് ഒരാവേശത്തിന് പറഞ്ഞെങ്കിലും സത്യം അതല്ല. അല്പം വിശേഷമുണ്ട്.

ടി.എസ്.ബാലന് ഡിഫെൻഡർ എന്ന പത്രം മാത്രമല്ല ഉള്ളത്, പെരുമ്പാവൂർ ന്യൂസ് എന്നൊരു സെക്യുലർ പത്രവുമുണ്ട്. എല്ലാ തിങ്കളാഴ്ചയും ഈ പത്രം പുറത്തിറങ്ങുന്നു. ഡിഫെൻഡറിന്റെ വലിപ്പത്തിൽ എട്ടുപേജ്. തുടങ്ങിയിട്ട് രണ്ടു വർഷമായി. തികച്ചും സൗജന്യമായി പെരുമ്പാവൂരിൽ വിതരണം നടത്തുന്നു. പെരുമ്പാവൂരിൽ നടക്കുന്ന ചെറുതും വലുതുമായ സംഭവങ്ങളാണ് ഉള്ളടക്കം.

ഡിസംബർ 26ന് ഇറങ്ങിയ പെരുമ്പാവൂർ ന്യൂസിന്റെ ഒന്നാം പേജിൽ കെ.സി.ജോൺ എന്ന കള്ളൻ പെരുമ്പാവൂരിൽ എത്തുന്ന വാർത്ത പടം സഹിതം കൊടുത്തിരുന്നു. അങ്ങനെ കെ.സി.ജോണിന്റെ പൂർവ്വചരിത്രം പെരുമ്പാവൂരുകാർ അറിഞ്ഞു. സംഘാടകരും കെ.സി.ജോണും ശരിക്ക് നാണം കെട്ടു എന്നു പറഞ്ഞാൽ മതിയല്ലോ.

# മത്തായി പ്രശ്നം രൂക്ഷമാകുന്നു

ചർച്ച് ഓഫ് ഗോഡ് (ബോംബെ) ഓവർസിയറായ എ. മത്തായിക്കെതിരെ സഭാവിശ്വാസികൾ രംഗത്ത്. ബോംബെയിലുള്ള ഒരു സഭ അവരുടെ ലറ്റർ പാഡിൽ ഡിഫെൻഡറിനയച്ച കത്തിലെ പ്രസക്ത ഭാഗങ്ങൾ ഇതാ:

''എ.മത്തായിയുടെ കുടുംബം ദുർന്നടപ്പിൽ മുഴുകി ജീവിക്കയാണ് എന്നത് പരസ്യമായ രഹസ്യമാണ്. തന്റെ ഭാര്യയും നാല് ആൺമക്കളും വഴി പിഴച്ചവരാണ്. മൂത്ത മകനായ ബ്ലസ്സൻ ഡൽഹിയിൽ ആയിരുന്നപ്പോൾ പാസ്റ്റർ ജോർജ് മാത്യു എന്ന വ്യക്തിയുടെ സഹോദരിയുമായി അവിഹിതബന്ധം പുലർത്തുകയും ചെയ്തു. അത് വിവാഹത്തിൽ കലാശിച്ചു. മാത്രമല്ല, ജോർജ് മാത്യുവിനെ ചർച്ച് ഓഫ് ഗോഡിൽ എടുക്കുകയും ചെയ്തു. പിന്നീട് ജോർജ് മാത്യുവിന്റെ മറ്റൊരു പെങ്ങൾ ബോംബെയിൽ നേഴ്സ് ജോലിക്കെത്തി. താമസം മത്തായിയുടെ വീട്ടിൽ. അവിടെവെച്ച് മത്തായിയുടെ രണ്ടാമത്തെ മകൻ ബെൻസനുമായി അവിഹിതബന്ധത്തിലായി. സംഭവം നാട്ടിൽ പാട്ടായതോടെ വിവാഹം നടത്തുകയല്ലാതെ നിവൃത്തിയില്ല എന്നു വന്നു. വിവാഹശേഷം മത്തായി ഈ മകന് ഡബിൾ പ്രമോഷൻ കൊടുത്ത് ഓർഡിനേഷനും നൽകി വിദേശത്തേക്ക് പറഞ്ഞുവിട്ടു.

മൂന്നാമത്തെ മകനായ ബിജോയ് കലീന സഭയിലെ ഒരു നെഴ്സുമായി അവിഹിതബന്ധത്തിലായി. ഏറെ നാണക്കേടുണ്ടാക്കിയശേഷം നാട്ടിൽ വെച്ച് വിവാഹം നടത്തിക്കൊടുത്ത് പ്രശ്നം പരിഹരിച്ചു.

നാലാമത്തെ പുത്രൻ (ജാരസന്തതി) പൂനയിൽ ഉണ്ടാക്കിയ പ്രശ്നങ്ങൾ ഡിഫെൻഡറിൽ എഴുതിയിരുന്നല്ലോ. അത് പൂർണ്ണമായി ശരിയാണ്. ഇവന്റെ യഥാർത്ഥ പിതാവായ ഒ.വി.ശമുവേലിനെ വാര്യാപുരം സഭ അഞ്ചു വർഷത്തേക്ക് മുടക്കിയിരുന്നു. പക്ഷേ കൂട്ടുപ്രതിയും മത്തായിയുടെ ഭാര്യയുമായ സ്ത്രീക്കെതിരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. ഇതിനൊക്കെ എതിരെ ഡിഫെൻഡർ പ്രതികരിക്കണം. ഞങ്ങളുടെ പിൻതുണ വാഗ്ദാനം ചെയ്യുന്നു''.

ഇതാണ് ബോംബെയിലുള്ള വിശ്വാസികൾക്ക് പറയാനുള്ളത്. ഇതിൽ ഏതെങ്കിലും സംഭവം മത്തായിക്ക് നിഷേധിക്കാൻ കഴിയുമോ? കഴിയില്ലെങ്കിൽ മത്തായി രാജിവയ്ക്കണം.

# ടി.എസ്.ഏബ്രഹാമിന്റെ നില ഗുരുതരം

ഐ.പി.സി. ജനറൽ പ്രസിഡന്റായ ടി.എസ്.ഏബ്രഹാം ഗുരുതരമായ രോഗം ബാധിച്ച് തിരുവല്ല പുഷ്പഗിരി ആശുപത്രിയിലാണ്. സന്ദർശകരെ മാത്രമല്ല അടുത്ത ബന്ധുക്കളേപ്പോലും മുറിയിൽ പ്രവേശിപ്പിക്കുന്നില്ല.

തൊണ്ടയിൽ അസുഖം ബാധിച്ച് അദ്ദേഹം കുറെനാളായി ചികിത്സയിലായിരുന്നു. എന്നാൽ ഡിസംബർ അവസാന ആഴ്ചകളിൽ അല്പം ആശ്വാസം ഉണ്ടായിരുന്നു. ഡിസംബർ 29ന് (വ്യാഴം) കുമ്പനാട്ട് നടന്ന ഒരു വിവാഹത്തിൽ പങ്കെടുക്കാനുള്ള തയ്യാറെടുപ്പിലുമായിരുന്നു. എന്നാൽ പെട്ടെന്ന് അസുഖം കൂടുകയും പുഷ്പഗിരിയിൽ അഡ്മിറ്റ് ആക്കുകയും ആയിരുന്നു.

ഈ കുറിപ്പ് എഴുതുമ്പോൾ (ഡിസംബർ 31) ടി.എസ്.ഏബ്രഹാം തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. രോഗവിവരത്തേക്കുറിച്ച് ആശുപത്രി അധികൃതരോ ബന്ധുക്കളോ ഏറെയൊന്നും പറയുന്നില്ല. അതുകൊണ്ട് പ്രശ്നം ഗുരുതരമാണെന്നല്ലാതെ കൂടുതൽ വിവരങ്ങൾ പറയാനാവാത്ത സ്ഥിതിയാണ്.

# വീട്ടിലൊരു ബൈബിൾ സ്ക്കൂൾ: സൗജന്യ നിരക്ക് ഈ മാസം 31 വരെ

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ അഞ്ചാമത്തേത് തയ്യാറായിവരുന്നു. പ്രധാന ലോക മതങ്ങളേക്കുറിച്ചുള്ള പഠനങ്ങളാണ് ഈ സി.ഡിയിൽ ഉള്ളത്.

നാലാമത്തെ സി.ഡി. പുറത്തിറങ്ങി. പണം അടച്ചവർക്ക് സി.ഡി. അയച്ചുകൊണ്ടിരിക്കുന്നു. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് ഈ സി.ഡിയിൽ വിശദീകരിക്കുന്നത്. മൂന്നാമത്തെ സി.ഡി. കഴിഞ്ഞമാസം പുറത്തിറങ്ങി. പരിശുദ്ധാത്മശാസ്ത്രം, ദുരാത്മശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം ഈ സി.ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ നാലു സി.ഡികൾക്ക് 400 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 900 രൂപ നൽകിയാൽ മതിയാകും. വിദേശത്തുള്ളവർ ദയവായി ഇന്ത്യയിലുള്ള ഒരു വിലാസവും ഫോൺ നമ്പറും അറിയിക്കുക. (വിദേശത്തേക്ക് സി.ഡി. അയയ്ക്കുന്നത് വലിയ പണച്ചെലവുള്ള കാര്യമാണ്).

മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

ദി ഡിഫെൻഡർ
Vol. No.9 Issue No. 1 2006 January 1

# മരണം വിതയ്ക്കുന്ന ടിപ്പർ ലോറികൾ

വാഹനങ്ങൾ ഉള്ളിടത്ത് വാഹന അപകടങ്ങളും ഉണ്ടാകും. പക്ഷേ, ടിപ്പർ ലോറികൾ മൂലം ഉണ്ടാകുന്ന അപകടങ്ങൾ സാധാരണ അപകടങ്ങളായി പരിഗണിക്കാനാവാത്തവിധം വർദ്ധിച്ചിരിക്കയാണ്. പെരുന്നയിലുണ്ടായ സംഭവം ഒറ്റപ്പെട്ട സംഭവമല്ല.

വാഹന അപകടങ്ങളിൽ ഭൂരിപക്ഷവും അമിതവേഗം മൂലമുണ്ടാകുന്നതാണ്. ടിപ്പർ ലോറികൾ മൂലമുണ്ടാകുന്ന അപകടങ്ങൾ വർദ്ധിക്കുവാൻ ഇതുതന്നെ കാരണം. കൂടുതൽ ട്രിപ്പുകൾ അടിച്ച് ലാഭം വർദ്ധിപ്പിക്കുവാൻ തൊഴിലാളികളും മുതലാളിമാരും പരിശ്രമിക്കുന്നു. ട്രാഫിക് നിയമങ്ങൾ കാറ്റിൽ പറത്തിക്കൊണ്ടുള്ള ഈ യാത്രയ്ക്കിടയിൽ നൂറു കണക്കിന് ജീവിതങ്ങൾ പൊലിയുന്നു. ചില കുടുംബങ്ങൾ പോലും നാമാവശേഷമായ ചരിത്രങ്ങളുമുണ്ട്. എന്നിട്ടും ഈ മരണപ്പാച്ചിലിന് അറുതി വരുത്താൻ കഴിഞ്ഞിട്ടില്ല.

വാഹനങ്ങളിൽ വേഗപ്പൂട്ട് നിർബ്ബന്ധമാക്കാൻ സർക്കാർ നടത്തിയ ശ്രമം പരാജയപ്പെട്ടു. അനുകൂലമായ കോടതി വിധി ഉണ്ടായിട്ടുപോലും സർക്കാരിന് തോറ്റു പിൻമാറേണ്ടതായി വന്നു. എതിർപ്പുകൾ അവഗണിച്ച് നിയമം നടപ്പിലാക്കാനുള്ള ധൈര്യവും കാര്യശേഷിയും ഭരണകർത്താക്കൾക്ക് ഇല്ലാതെപോയി. അതുകൊണ്ട് തെരുവീഥികളിൽ അനുദിനം മനുഷ്യക്കുരുതി നടക്കുന്നു.

കേരളത്തിലുണ്ടാകുന്ന റോഡപകടങ്ങളുടെ നിരക്ക് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. കേരളത്തിലെ റോഡുകളുടെ സ്ഥിതി കാരണങ്ങളിൽ ഒന്നാണ്. പക്ഷേ അതു മാത്രമല്ല കാരണം. അമിതവേഗമാണ് പ്രധാന വില്ലൻ. വാഹനങ്ങളുടെ മരണപ്പാച്ചിലിന് അറുതി വരുത്താതെ റോഡപകടങ്ങൾ നിയന്ത്രിക്കാനാവില്ല.

ടിപ്പർ ലോറികളെ നിയന്ത്രിക്കാൻ നടപടിയെടുക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ, പ്രഖ്യാപനം നടത്തിയതൊഴിച്ച് ഒന്നും സർക്കാർ ചെയ്തിട്ടില്ല. അതുകൊണ്ട് ഈ പ്രഖ്യാപനവും ഏട്ടിലെ പശുവായി അവശേഷിക്കാനാണ് സാധ്യത. എങ്ങനെയാണ് ടിപ്പറുകളെ നിയന്ത്രിക്കുക എന്ന് വ്യക്തമാക്കണം. തീരുമാനം നടപ്പിൽ വരുത്താൻ പ്രായോഗികമായി എന്തു ചെയ്യാൻ കഴിയുമെന്ന് വേണ്ടപ്പെട്ടവർ കൂടി ആലോചിച്ച് തീരുമാനിക്കണം. എന്തൊക്കെ എതിർപ്പുകൾ ഉണ്ടായാലും തീരുമാനങ്ങൾ നടപ്പിൽ വരുത്തണം. അതിന് കഴിഞ്ഞില്ലെങ്കിൽ പെരുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടും. അത് ഒഴിവാക്കണം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

എന്നെ കണ്ടാൽ കിണ്ണം കട്ടെന്നു തോന്നുമോ എന്ന് പണ്ടൊരു സത്യാന്വേഷി ചോദിച്ചതായി കേട്ടിട്ടുണ്ട്. നമ്മുടെ മുഖ്യമന്ത്രി ഈയിടെ ഇത്തരത്തിലൊരു ചോദ്യം ചോദിച്ചു: ''എന്നെ കണ്ടാൽ ഞെട്ടിയതായി തോന്നുമോ''. ഇത്ര നിഷ്ക്കളങ്കമായ ഒരു ചോദ്യം ഈ രാജ്യത്തുള്ള മറ്റൊരു മുഖ്യമന്ത്രിയും ചോദിച്ചിട്ടുള്ളതായി അറിവില്ല. വെള്ളാപ്പള്ളി ദേവസ്വം മന്ത്രിക്കെതിരെ മുഖ്യമന്ത്രിക്ക് കൊടുത്ത രേഖ കണ്ട് മുഖ്യമന്ത്രി ഞെട്ടിപ്പോയി എന്നാണ് വെള്ളാപ്പള്ളി പറയുന്നത്. ഇതേപ്പറ്റി പത്രലേഖകർ ചോദിച്ചപ്പോഴാണ് മുഖ്യമന്ത്രി കിണ്ണം കട്ടവന്റെ ശൈലി സ്വീകരിച്ചത്. ഏതായാലും കിണ്ണം കട്ടതാരാണെന്നു മാത്രമല്ല മുഖ്യമന്ത്രി ഞെട്ടിയോ എന്നും പിടികിട്ടി.

വെള്ളാപ്പള്ളി കൊടുത്ത തെളിവുകൾ വിശദമായി പരിശോധിച്ചശേഷം നടപടി എടുക്കുമെന്ന് മുഖ്യമന്ത്രി പറയുന്നു. രേഖകൾ ഉടൻ പരിശോധിച്ച് മന്ത്രി നിരപരാധിയാണെന്ന് മുഖ്യമന്ത്രി വിധിച്ചാൽ സർവ്വശക്തനായ വെള്ളാപ്പള്ളി പിണങ്ങും. അതിന്റെ ഫലം അടുത്ത തെരഞ്ഞെടുപ്പിൽ അനുഭവിക്കേണ്ടതായും വരും. മറിച്ച്, രേഖകൾ ഒന്നാംതരമാണെന്നും മന്ത്രി കുറ്റവാളിയാണെന്നും പ്രഖ്യാപിച്ചാൽ എന്തൊക്കെ പുകിലുകൾ ഉണ്ടാകുമെന്ന് പ്രവചിക്കാനുമാവില്ല. അതുകൊണ്ട് എത്ര ദിവസം കൊണ്ട് പരിശോധന തീരുമെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടില്ല. പരിശോധിക്കാൻ ആറു മാസമെങ്കിലും എടുക്കും എന്ന് ന്യായമായി ഊഹിക്കാം. ഉമ്മൻ ചാണ്ടിയുടെ 'പുത്തി' കൊള്ളാം.

ജയിലിൽ കിടക്കുന്നെങ്കിൽ മണിച്ചൻ കിടക്കുന്നതുപോലെ കിടക്കണം. പഞ്ച നക്ഷത്ര ഹോട്ടലിൽപ്പോലും കിട്ടാത്ത സുഖസൗകര്യങ്ങളാണ് മണിച്ചന് ജയിലിൽ ലഭിക്കുന്നത്. പണത്തിനു മീതെ പരുന്തും പറക്കില്ല എന്നു മാത്രമല്ല പണമുണ്ടെങ്കിൽ ജയിൽനിയമങ്ങൾ പറപറക്കുകയും ചെയ്യും എന്ന് വ്യക്തം. ഇതൊക്കെ കേൾക്കുമ്പോൾ നാലു കാശ് കൈയ്യിലുള്ളവന് വല്ലവിധേനയും ജയിലിൽ കയറിയാൽ മതിയായിരുന്നു എന്ന് തോന്നിപ്പോകും.

വ്യാജമദ്യം കഴിച്ച് ജയിൽപ്പുള്ളി മരിച്ചു. മരിച്ചത് മറ്റൊരാളാണെന്നു വരുത്തി. മദ്യക്കേസ്സ് പുറത്തറിയാതിരിക്കാൻ ശവം ദഹിപ്പിച്ചു. അങ്ങനെ പോകുന്നൂ ജയിലിലെ ലീലാവിലാസങ്ങൾ. ഇതൊക്കെ വായിക്കുമ്പോൾ ഒരു സംശയം: കമ്പിയഴിക്കുള്ളിലുള്ളവരാണോ അതോ അവർ ചാടിപ്പോകാതിരിക്കാൻ പുറത്തു കാവൽ നിൽക്കുന്നവരാണോ യഥാർത്ഥത്തിൽ ക്രിമിനലുകൾ?

തല്ലിപ്പഠിച്ചവർക്ക് തല്ലാൻ മറ്റാരെയും ലഭിച്ചില്ലെങ്കിൽ തമ്മിൽ തല്ലുമെന്ന് കേട്ടിട്ടുണ്ട്. പക്ഷേ തൃപ്പൂണിത്തുറയിലുള്ള മഹാജനങ്ങൾക്ക് ഇത് നേരിൽ കാണാൻ കഴിഞ്ഞ ദിവസം ഭാഗ്യം ലഭിച്ചു. ഭാവികേരളത്തിന്റെ വാഗ്ദാനവും ഏക പ്രതീക്ഷയുമായ കെ.മുരളീധരൻ നയിക്കുന്ന യാത്രയുമായി ബന്ധപ്പെട്ടാണ് അനുയായികൾ തമ്മിലടിച്ചത്. ശത്രുക്കളൊക്കെ ഓടിയൊളിച്ചാൽ തമ്മിലടിക്കയല്ലാതെ വേറെ വഴിയില്ലല്ലോ.

തിരുവനന്തപുരത്തുള്ള അണികൾക്ക് ഇത്തരം ബുദ്ധിമുട്ടൊന്നും ഉണ്ടായില്ല. പ്രഖ്യാപിത ശത്രുവായ കോൺഗ്രസ്സുകാരെ തന്നെ തല്ലാൻ കിട്ടി. എൻ.ജി.ഒ. അസ്സോസിയേഷന്റെ ഉള്ളിലും പുറത്തുമായി ഉഗ്രൻ തല്ലുനടന്നു. ഇത് ഒരു തുടർക്കഥയാകാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല.

ഐസ് ക്രീം കേസ്സിലെ മുഖ്യ സാക്ഷികൾ കൂറു മാറിയത് വിവാദത്തിനു വഴിവെച്ചിരിക്കയാണ്. പക്ഷേ ഇവർ കൂറുമാറി എന്ന് പറയുന്നതിൽ എന്തെങ്കിലും കഴമ്പുണ്ടോ എന്നു സംശയമാണ്. കാരണം, ഇവർക്ക് പണത്തോടു മാത്രമേ കൂറ് ഉണ്ടായിരുന്നുള്ളൂ. അത് മാറിയിട്ടുമില്ല. പിന്നെങ്ങനെ അവർ കൂറുമാറ്റക്കാരാകും? ഏതായാലും ഈ കൂറുമാറ്റ നാടകം അരങ്ങേറുന്നതിനു മുൻപായി അണിയറയിൽ കുറച്ചധികം റിഹേഴ്സലുകൾ നടന്നെന്നും അതിന് ലക്ഷണങ്ങൾ ചെലവായെന്നും വ്യക്തം. ഇതൊക്കെ നടക്കുന്നത് സാക്ഷര കേരളത്തിലാണെന്നു വിശ്വസിക്കാൻ വിഷമം. ഏതായാലും അടുത്ത തെരഞ്ഞെടുപ്പിൽ യു.ഡി.എഫിന്റെ വോട്ടു ചോരുന്നതിന് ഈ കൂറുമാറ്റപ്പരിപാടിയും ഒരു കാരണമായിരിക്കും എന്നു തീർച്ച.

ഈയിടെയായി ഉമ്മൻ ചാണ്ടിക്കും കൂട്ടർക്കും ഒരു ഉഷാറൊക്കെ വന്നിട്ടുണ്ട്. വികസന പദ്ധതികൾ അവതരിപ്പിക്കുന്നു, ചർച്ച ചെയ്യുന്നു, കടലാസ്സുകളുമായി ഓടിനടക്കുന്നു, അങ്ങനെ പലതും. എന്തൊരു ശുഷ്ക്കാന്തി എന്ന് ആരും പറഞ്ഞുപോകും. എന്തൊക്കെയോ സംഭവിക്കാൻ പോകുകയാണെന്ന് ഒരു തോന്നൽ ജനത്തിനും ഉണ്ടായിട്ടുണ്ട്. പക്ഷേ, ശേഷിക്കുന്ന ആറു മാസം കൊണ്ടെന്നല്ല ആറു വർഷം കൊണ്ടുപോലും ചെയ്തു തീർക്കാൻ പറ്റാത്ത പദ്ധതികളാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ഇനി കേരളം ഭരിക്കാൻ പോകുന്ന ഇടതുപക്ഷ സർക്കാരിനെ കുഴിയിൽ ചാടിക്കാനുള്ള പരിപാടിയാണിത് എന്നതിന് സംശയമില്ല. ഈ ബുദ്ധിയൊക്കെ ഉമ്മൻ ചാണ്ടി ഇത്രക്കാലം എവിടെ ഒളിച്ചുവച്ചു എന്ന് പിടികിട്ടുന്നില്ല. ഏതായാലും നമ്മുടെ മുഖ്യമന്ത്രിക്ക് ബുദ്ധിയില്ല എന്ന് ശത്രുക്കൾ പോലും ഇനി പറയുകയില്ല.

ഡി.ഐ.സിയുടെ സഹായം കൂടാതെ ഇടതുപക്ഷത്തിന് ജയിക്കാമെന്ന് വെളിയം പറയുന്നു. ഇത് തിരുവനന്തപുരം ഉപതെരഞ്ഞെടുപ്പിനു മുൻപ് പറയാതിരുന്നതെന്തുകൊണ്ട് എന്ന് എം.പി.ഗംഗാധരൻ ചോദിക്കുന്നു. പന്ന്യൻ രവീന്ദ്രൻ രാജിവെച്ച് വീണ്ടും ജനവിധി തേടിയാൽ ഡി.ഐ.സിക്ക് ശക്തിയുണ്ടോ എന്ന് കാണിക്കാമെന്നും ഗംഗാധരൻ കൂട്ടിച്ചേർക്കുന്നു. ഗംഗാധരന്റെ വെല്ലുവിളി സ്വീകരിച്ച് പന്ന്യൻ രാജിവെയ്ക്കില്ല എന്ന് തീർച്ച.

ഡി.ഐ.സിയുടെ സഹായം വേണ്ട എന്ന് ഉപതെരഞ്ഞെടുപ്പിനു മുൻപ് വെളിയം പറഞ്ഞിരുന്നെങ്കിൽ ഡി.ഐ.സി. എന്തുചെയ്യുമായിരുന്നു എന്ന് ഗംഗാധരൻ പറഞ്ഞില്ല. കോൺഗ്രസ് സ്ഥാനാർത്ഥിക്ക് വോട്ടു ചെയ്യുമായിരുന്നോ? അതോ ബി.ജെ.പിയെ സഹായിക്കുമായിരുന്നോ? ഇതു രണ്ടും പറ്റില്ല. പിന്നെന്തു ചെയ്യും? ആർക്കും വോട്ടുചെയ്യുന്നില്ല എന്നു പ്രഖ്യാപിച്ച് വീട്ടിലിരിക്കയേ വഴിയുള്ളൂ. അങ്ങനെ ചെയ്തിരുന്നെങ്കിലും പന്ന്യൻ ജയിക്കുമായിരുന്നു എന്ന് വിശേഷിച്ച് പറയേണ്ടതുമില്ല.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3950734, 9447414608

# ശതാബ്ദിയുടെ ബാക്കിപത്രം

ശതാബ്ദി സമ്മേളനം കഴിഞ്ഞു. അതിന്റെ പൊടിപടലങ്ങളും അടങ്ങി. അതുകൊണ്ട് ഇനി ഒരു വിലയിരുത്തൽ ആകാം.

ഇത് പെന്തക്കോസ്ത് ശതാബ്ദിയാണോ എന്ന പ്രശ്നം ഏറെ ചർച്ച ചെയ്യപ്പെട്ടുകഴിഞ്ഞു. പെന്തക്കോസ്തിന്റെ ശതാബ്ദിയാണിത് എന്ന് കാര്യവിവരമുള്ള ആരും പറഞ്ഞതായി അറിവില്ല. അതുകൊണ്ട് ആ വിഷയം വിട്ടുകളയാം.

ഈ സമ്മേളനത്തിൽ എന്താണ് നടന്നതെന്ന് ആദ്യമായി പരിശോധിക്കാം.

പ്രധാനമന്ത്രി വരുമെന്ന് സംഘാടകർ കൊട്ടിഘോഷിച്ചിരുന്നെങ്കിലും പ്രധാനമന്ത്രി വന്നില്ല. പ്രധാനമന്ത്രിയുടെ പ്രോഗ്രാമിൽ ഇത്തരം ഒരു സമ്മേളനം ഇല്ലായിരുന്നു എന്നുവേണം കരുതാൻ. സമ്മേളനത്തിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി വരും എന്ന് ഔദ്യോഗികമായി അറിയിച്ചുകൊണ്ട് പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് ഒരു കത്തുപോലും സംഘാടകർക്ക് ലഭിച്ചിരുന്നില്ല എന്നതാണ് വസ്തുത. ചുരുക്കി പറഞ്ഞാൽ പ്രധാനമന്ത്രിയുടെ പേരുപറഞ്ഞ് സംഘാടകർ ജനവഞ്ചന നടത്തുകയായിരുന്നു.

റോജർ ഹോസ്മ വന്നു. പ്രസംഗിച്ചു. നല്ലത്. പക്ഷേ, രോഗശാന്തിയുടെ പേരിൽ നടന്ന തട്ടിപ്പ് കണ്ടില്ലെന്നു നടിക്കാനാവില്ല. അത്ഭുതമെന്ന് വിളിക്കാവുന്ന ഒരു രോഗശാന്തിയും അവിടെ നടന്നില്ല. പക്ഷേ, പല പെന്തക്കോസ്ത് പത്രങ്ങളും ഈ യോഗത്തിൽ നിരവധി അത്ഭുതങ്ങൾ നടന്നതായി വാർത്തകൊടുത്തു. ഒരന്വേഷണവും നടത്താതെ ഇത്തരം പച്ചക്കള്ളങ്ങൾ എഴുന്നെള്ളിക്കാൻ ഇവർക്കുള്ള ധൈര്യമാണ് യഥാർത്ഥ അത്ഭുതം.

പ്രതീക്ഷിച്ചിരുന്നതുപോലെ ഈ സമ്മേളനത്തിൽ രാഷ്ട്രീയക്കാരുടെ കളിയുണ്ടായി. ഒന്നാമത്തെ ദിവസം ഉദ്ഘാടനവും ആശംസയും മറ്റ് കലാപരിപാടികളും കഴിഞ്ഞപ്പോൾ ഹോസ്മയ്ക്ക് പ്രസംഗിക്കാൻ കിട്ടിയത് ഏതാനും മിനിട്ടു മാത്രം.

മറ്റു ദിവസങ്ങളിലും ആശംസക്കാരുടെ വലിയൊരു നിരയുണ്ടായിരുന്നു. വിദേശത്തുനിന്നെത്തിയ പണച്ചാക്കുകളുടെ കലാപരിപാടികൾ എക്ട്രാ. സംഘാടകരും ഷൈൻ ചെയ്തു.

ചവർ ചാനലിന് പെർമിറ്റ് കിട്ടി എന്ന വാർത്ത വായിക്കയും അതിന്റെ ഭാരവാഹികളെ അനുഗ്രഹിക്കയും മറ്റും ചെയ്ത് കുറച്ചധികം സമയം കളഞ്ഞു. ഒരു പബ്ലിക്ക് ലിമിറ്റഡ് കമ്പനിക്ക് ഒരു ടി.വി. ചാനൽ നടത്താൻ അനുമതികിട്ടിയതും പെന്തക്കോസ്ത് ശതാബ്ദിയുമായി എന്തു ബന്ധം? ബന്ധമുണ്ട്. പറയാം. കെ.സി.ജോൺ എന്ന കള്ളനാണ് രണ്ടിന്റേയും നേതാവ്. ശതാബ്ദി സമ്മേളനത്തിനിടയിൽ ചാനൽ പ്രഖ്യാപനം നടത്തിയാൽ കുറെ ജനങ്ങളേക്കൂടി തെറ്റിദ്ധരിപ്പിച്ച് പണം തട്ടാം. നൂറോളം ക്രൈസ്തവ സഭാവിഭാഗങ്ങളുടെ സംയുക്ത സംരംഭമാണ് ചവർ ചാനൽ എന്നാണ് പ്രചരണം. പക്ഷേ, ചില വ്യക്തികളല്ലാതെ ഏതെങ്കിലും ക്രൈസ്തവ സഭ ഈ കമ്പനിയിൽ ഉള്ളതായി അറിവില്ല.

പി.സി.ഐ. എന്നത് പെന്തക്കോസ്ത് സംഘടനകളുടെ പൊതുവേദിയാണ് എന്ന് പ്രചരിപ്പിക്കുന്നതും ഇത്തരത്തിലുള്ള തട്ടിപ്പാണ്. ഒരു പെന്തക്കോസ്ത് സംഘടനയും പി.സി.ഐയിൽ അംഗത്വം എടുത്തിട്ടില്ല. വിവിധ പെന്തക്കോസ്ത് സംഘടനകളിൽ അംഗത്വമുള്ള വ്യക്തികൾ മാത്രമാണ് പി.സി.ഐയിലുള്ളത്.

പരമ വ്യഭിചാരിയും തട്ടിപ്പുകാരനുമായ കെ.സി.ജോണിന് ദൈവദാസന്റെ പരിവേഷം ചാർത്തിക്കൊടുക്കാൻ ഈ സമ്മേളനത്തിന് കഴിഞ്ഞു എന്നതാണ് മറ്റൊരു നേട്ടം. ഇതിലൂടെ സാത്താന്റെ നാമമാണ് മഹത്വപ്പെടുന്നതെന്ന സത്യം ദൈവമക്കൾ അറിഞ്ഞിരിക്കണം.

മഴ പ്രാർത്ഥിച്ചു മാറ്റി എന്നും മറ്റുമുള്ള അവകാശവാദങ്ങൾ യോഗത്തിന്റെ ആദ്യ ദിവസങ്ങളിൽ കേട്ടിരുന്നു. പക്ഷേ യോഗത്തിന്റെ അവസാന ദിവസങ്ങളിൽ അത്യുഗ്രൻ മഴ പെയ്തതോടെ ആ പ്രചരണം അവസാനിച്ചു. യോഗം തീരുന്നതുവരെ മഴ പെയ്തിരുന്നില്ലെങ്കിൽ എന്താകുമായിരുന്നു അവകാശവാദം എന്ന് ഊഹിക്കയേ വേണ്ടൂ.

യോഗത്തിൽ എത്ര ആളുകൾ പങ്കെടുത്തു എന്നതാണ് മറ്റൊരു ചോദ്യം. പത്തുലക്ഷം ആളുകൾ പങ്കെടുക്കും എന്നായിരുന്നു പ്രചരണം. എങ്ങനെയാണ് ഈ കണക്ക് ഒപ്പിച്ചെടുക്കുക എന്ന് ഡിഫെൻഡർ വിശദീകരിച്ചിരുന്നു. അത് അക്ഷരംപ്രതി ശരിയായി.

ശരാശരി 50,000 ആളുകൾ ഒരു ദിവസം പങ്കെടുക്കും. എല്ലാ ദിവസവും മൂന്നുവട്ടം ജനത്തെ എണ്ണും. അങ്ങനെ സംഖ്യ ഒന്നരലക്ഷമാകും. ആറു ദിവസം ഈ പരിപാടി തുടരും. അതോടെ ഒൻപതു ലക്ഷം തികയും. പെന്തക്കോസ്തുകാരുടെ സ്വതസിദ്ധമായ ഭോഷ്ക്കിന്റെ അക്കൗണ്ടിൽ പെടുത്തി ഒരു ലക്ഷം കൂടി ചേർക്കും. അങ്ങനെ സംഖ്യ പത്തുലക്ഷമാകും. ഇതായിരുന്നു ഡിഫെൻഡർ പറഞ്ഞത്. നടന്നതും ഇതുതന്നെ. ഒരു ചെറിയ വ്യത്യാസമുണ്ടായി. ചില ദിവസങ്ങളിൽ അൻപതിനായിരം ആളുപോലും വരാതിരുന്നതുകൊണ്ട് ദിവസം മൂന്നുവട്ടം എണ്ണുക എന്നുള്ളത് അഞ്ചുവട്ടവും ആറുവട്ടവും മറ്റും ആക്കേണ്ടതായി വന്നു എന്നു മാത്രം.

ഡിഫെൻഡർ പറയുന്നതുപോലെയൊന്നുമല്ല കാര്യം നടന്നതെന്ന് പറയുന്നവരുണ്ടാകാം. അങ്ങനെയുള്ളവർ രണ്ടിൽ ഒരു വിഭാഗത്തിൽപ്പെട്ടവരാണ്:

1. പച്ചക്കള്ളം പറയുന്നവർ.
2. കണക്കുകൂട്ടാൻ അറിയാത്തവർ.

ഇവരിൽ ആദ്യത്തെ കൂട്ടർ ശുദ്ധ കള്ളൻമാരാണ്. ഭോഷ്ക്കു പറയുന്നവൻ പിശാചിന്റെ മകൻ എന്ന വചനപ്രകാരം ഇവർ സാത്താന്റെ സന്തതികളുമാണ്.

രണ്ടാമത്തെ കൂട്ടരോട് ഡിഫെൻഡറിന് സഹതാപമേയുള്ളൂ. പള്ളിക്കൂടത്തിൽ പോകാനോ പോയെങ്കിൽ കണക്കു കൂട്ടാൻ പഠിക്കാനോ കഴിയാതെ പോയ ഇത്തരക്കാരാട് സഹതാപം തോന്നേണ്ടതല്ലേ?

സമ്മേളനംമൂലം ആത്മീയ ഉണർവ്വുണ്ടാകുമെന്ന് കൊട്ടിഘോഷിച്ചവർ ദയവായി വിശദീകരിക്കണം: എന്ത് ഉണർവ്വാണ് ഉണ്ടായത്? എത്രപേർ മാനസാന്തരപ്പെട്ടു? എത്ര പിൻമാറ്റക്കാർ തിരിച്ചുവന്നു? മറുപടിയുണ്ടോ?

ഇന്ത്യയിൽ ഉണർവ്വുണ്ടായോ എന്ന് ചോദിക്കുന്നില്ല. കേരളത്തിൽ ഉണർവ്വുണ്ടായോ എന്നും ചോദിക്കുന്നില്ല. പത്തനംതിട്ട ജില്ലയിൽ ഉണർവ്വുണ്ടായോ എന്നുപോലും ചോദിക്കുന്നില്ല. കുറഞ്ഞപക്ഷം തിരുവല്ലയിലെങ്കിലും ഉണർവ്വുണ്ടായോ?

തിരുവല്ലയിലും പരിസര പ്രദേശങ്ങളിലുമായി അൻപതോളം പെന്തക്കോസ്ത് സഭകളുണ്ട്. ഒരു സഭയിൽ രണ്ടു പുതിയ വിശ്വാസി എന്ന ക്രമത്തിന് നൂറു പുതിയ വിശ്വാസികൾ ഈ യോഗത്തിന്റെ ഫലമായി ഉണ്ടായെങ്കിൽ ഈ സമ്മേളനം വിജയമായി എന്ന് സമ്മതിക്കാം. അതുപോലും ഉണ്ടായില്ലെങ്കിൽ പിന്നെ എന്താണ് ഈ സമ്മേളനംകൊണ്ട് നേടിയത് എന്ന് നേതാക്കൻമാർ വ്യക്തമാക്കണം.

ഈ സമ്മേളനത്തിന് എത്രരൂപ ചെലവായി എന്ന് അറിഞ്ഞുകൂടാ. എങ്കിലും ഒരു കണക്ക് കൂട്ടാം. ഗ്രാമപ്രദേശത്ത് മൂന്നു ദിവസം നീളുന്ന ഒരു ശരാശരി കൺവെൻഷൻ നടത്താൻ പതിനായിരം രൂപ മതിയാകും. ഒരു ലക്ഷം രൂപ ഉണ്ടെങ്കിൽ 10 കൺവെൻഷൻ നടത്താം എന്നു ചുരുക്കം. കൺവെൻഷന് 50 ലക്ഷം രൂപ ചെലവായെന്നിരിക്കട്ടെ: അങ്ങനെയെങ്കിൽ ഈ പണംകൊണ്ട് 500 ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കാമായിരുന്നു. ഒരു സ്ഥലത്ത് രണ്ടുപേർ എന്ന ക്രമത്തിൽ ആയിരം പേരെങ്കിലും രക്ഷിക്കപ്പെടുകയും ചെയ്യുമായിരുന്നു. ഒരു കുഴപ്പമേയുള്ളൂ – നേതാക്കൻമാർക്ക് ഷൈൻ ചെയ്യാൻ ബുദ്ധിമുട്ടുണ്ടാകും. സാത്താൻ കോപിക്കയും ചെയ്യും.




# പ്രകൃതിവിരുദ്ധൻ അകത്ത് എതിർത്തവൻ പുറത്ത്

പ്രകൃതിവിരുദ്ധനായ ബിജു ഐസക്ക് അകത്ത്, ഈ പാപത്തെ എതിർത്ത കൊറ്റനാട് പാസ്റ്റർ പുറത്ത്. അതാണ് ഐ.പി.സിയിൽ നടന്നിരിക്കുന്നത്.

ബിജു ഐസക്ക് പ്രകൃതിവിരുദ്ധനാണെന്ന് ബിജുവിനെ അനുകൂലിക്കുന്നവർക്കുപോലും അറിയാം. എന്നിട്ടും ഈ നീചനെ വിചാരണ പോലും ചെയ്യാതെ സംരക്ഷിക്കുന്നു. ഈ മഹാപാപത്തിനെതിരെ പ്രതികരിച്ച പാസ്റ്ററെ തേജോവധം ചെയ്ത് മഹാപാപിയെന്ന് മുദ്രകുത്തി പുറത്താക്കുകയും ചെയ്തു. ഐ.പി.സി. സാത്താന്റെ നിയന്ത്രണത്തിലാണെന്ന് അറിയാമായിരുന്നെങ്കിലും ഇത്രത്തോളം അധ:പതിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല.

കൊറ്റനാട് പാസ്റ്ററെ പറഞ്ഞിളക്കി മുൻപിൽ നിർത്തിയതും ബിജുവിനെതിരെ സമരത്തിനിറങ്ങിയതും സെന്റർ ഭാരവാഹികളാണ്. പക്ഷേ, അതേ വ്യക്തികൾ ഒടുവിൽ കാലുവാരി. അങ്ങനെ കൊറ്റനാട് പാസ്റ്റർ ഒറ്റയ്ക്കായി. പക്ഷേ, അദ്ദേഹം പാപവുമായി ഒത്തുതീർപ്പിന് തയ്യാറായില്ല. കൊറ്റനാട് സഭയുടെ പൂർണ്ണ പിൻതുണയും പാസ്റ്റർക്കുണ്ടായിരുന്നു. അതുകൊണ്ട് പാസ്റ്റർ പാപത്തിനെതിരായുള്ള പോരാട്ടം തുടർന്നു. എന്നാൽ സഭയിലുള്ള ചിലരെ ചെകുത്താൻ പിടികൂടി. അവരും കാലുമാറി. അങ്ങനെ പാസ്റ്റർ ശരിക്കും ഒറ്റപ്പെട്ടു. എന്നിട്ടും അദ്ദേഹം പിൻമാറിയില്ല.

കൊറ്റനാട് സഭയിൽ നിന്ന് പാസ്റ്ററെ പുറത്താക്കാൻ സാത്താനും കൂട്ടരും തീരുമാനിച്ചു. തുടർന്ന് അതിനുള്ള ശ്രമമായി. സഭായോഗങ്ങൾ അലങ്കോലമാക്കുക എന്ന ഹീനതന്ത്രമാണ് സാത്താൻ പയറ്റിയത്. സ്ഥാനത്തും അസ്ഥാനത്തും പാട്ടുപാടി ബഹളമുണ്ടാക്കുക, ശവമടക്കു ശുശ്രൂഷയ്ക്കുള്ള പാട്ടുകൾ പാടുക, മറ്റു ശുശ്രൂഷകളൊന്നും നടത്താൻ പറ്റാത്ത വിധത്തിൽ കോലാഹലമുണ്ടാക്കുക, പാസ്റ്റർക്ക് പുറം തിരിഞ്ഞിരുന്ന് പാട്ടുപാടുക തുടങ്ങിയതൊക്കെ വിശുദ്ധൻമാർ ചെയ്തു. ഭൂതബാധിതരായി ജനം അഴിഞ്ഞാടി. പൊതുജനം പരിഹസിച്ച് ചിരിച്ചു. ദൈവനാമം പരമാവധി ദുഷിച്ചു.

പാസ്റ്റർക്ക് ഒടുവിൽ സഹികെട്ടു. ഒരു വിധത്തിലും മുൻപോട്ടു പോകാനാവില്ല എന്ന് അദ്ദേഹത്തിന് മനസ്സിലായി. സാത്താനേയും അവന്റെ ദൂതൻമാരേയും അവരുടെ പാട്ടിനു വിട്ടിട്ട് പാസ്റ്റർ പുറത്തിറങ്ങി. സാത്താന്റെ പിടിയിൽ അകപ്പെടാതിരുന്ന ഏതാനും ദൈവമക്കളും അദ്ദേഹത്തോടൊപ്പം സഭവിട്ടു. ഇപ്പോൾ അവർ മറ്റൊരിടത്ത് ദൈവത്തെ ആരാധിക്കുന്നു.

# ഇത് ആത്മീയ പോരാട്ടമോ?

സാത്താനുമായി ദൈവ മക്കൾക്ക് നിരന്തരം യുദ്ധം ചെയ്യേണ്ടതായി വരും. കർത്താവായ യേശുക്രിസ്തു സാത്താന്റെ തല തകർത്തു കഴിഞ്ഞിരിക്കയാൽ യേശുവിന്റെ രക്തത്തിൽ ആശ്രയിച്ച് നമുക്ക് സാത്താന്റെമേൽ വിജയം നേടാനുമാകും. പക്ഷേ, സാത്താനെതിരെയുള്ള യുദ്ധമെന്ന പേരിൽ ഇന്നു നടക്കുന്നത് ആത്മീയ പോരാട്ടമാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഏതാനും വർഷം മുൻപ് എറണാകുളത്തു നടന്ന ഉപവാസ യജ്ഞത്തിന്റെ ഭാഗമായി തെർമ്മോക്കോൾ സാത്താനെ തല്ലിത്തകർത്തിരുന്നു. അതോടെ എറണാകുളത്തെ സാത്താൻ തകർന്നു എന്ന് പ്രഖ്യാപിക്കയും ചെയ്തു. തെർമ്മോക്കോൾ കൊണ്ട് സാത്താനെ തകർക്കുന്ന വിദ്യ കണ്ടുപിടിച്ചതിന് ഡാമിയനേയും സുരേഷ് ബാബുവിനെയും ഒക്കെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. സുരേഷ് ബാബു ബലൂൺ ചെകുത്താനെയും തകർത്തിരുന്നു. അതോടെ എറണാകുളത്തെ സാത്താന്റെ കഥ കഴിഞ്ഞു എന്ന് ഡാമിയൻ പ്രഖ്യാപിക്കയും ചെയ്തു. പക്ഷേ, എറണാകുളത്ത് വിശേഷിച്ച് ഒരു മാറ്റവും ഉണ്ടായില്ല എന്ന് പിന്നീടുള്ള അനുഭവങ്ങൾ തെളിയിച്ചു. സാത്താന്യ പ്രവർത്തനങ്ങൾ ഒരു തടസ്സവും കൂടാതെ ഇന്നും എറണാകുളത്ത് നടക്കുന്നുണ്ട്.

എവിടെയാണ് തെറ്റിയത്? ദൈവത്തിന്റെ ശക്തി ക്ഷയിച്ചുപോയോ? യേശുക്രിസ്തു പരാജയപ്പെട്ടോ? ഇല്ല. പിന്നെ പ്രശ്നം എവിടെയാണ്? സാത്താൻ എന്തുകൊണ്ട് തകർന്നില്ല? അതറിയണെങ്കിൽ നാം ദൈവവചനത്തിലേക്ക് മടങ്ങി വരണം. ബൈബിൾ ഇതേപ്പറ്റി എന്തു പറയുന്നു എന്ന് പഠിക്കണം.

ഒരു പട്ടണത്തിലുള്ള സാത്താന്യശക്തിയെ തകർക്കുന്നതിനേക്കുറിച്ച് ബൈബിൾ എന്തു പറയുന്നു? കർത്താവ് എപ്പോഴെങ്കിലും ഒരു പട്ടണത്തിലുള്ള സാത്താന്യ ശക്തിയെ തകർത്തിട്ടുണ്ടോ? അപ്പൊസ്തലൻമാർ ഇങ്ങനെ ചെയ്തിട്ടുണ്ടോ? ലേഖനത്തിൽ ഇതേപ്പറ്റി ഉപദേശമുണ്ടോ?

ദൈവമക്കൾ സാത്താന്യ ശക്തികളുമായി നിരന്തരം യുദ്ധം ചെയ്തുകൊണ്ടിരിക്കയാണ് എന്നത് സത്യംതന്നെ. പക്ഷേ, ഒരു പ്രദേശത്തെ സാത്താനെ തകർക്കുന്ന വിദ്യ ബൈബിളിലില്ല. അതിനുള്ള അധികാരം കർത്താവ് ആർക്കും കൊടുത്തിട്ടില്ല. അതുകൊണ്ടാണ് എറണാകുളത്ത് ബലൂണും തെർമ്മോക്കോളും ഒക്കെ പൊട്ടിയിട്ടും സാത്താന്റെ ശക്തി ക്ഷയിക്കാതിരുന്നത്.

ഏതാണ് ഡാമിയനും സുരേഷ് ബാബുവിനും എം.എ. വർഗീസിനും ഒക്കെ പറ്റിയത്? ഒന്നാമതായി ഇവർക്ക് ദൈവവചനത്തിൽ പറയത്തക്ക പരിജ്ഞാനമൊന്നുമില്ല. കുറെ ഉണർവ്വു പ്രസംഗങ്ങൾ കേൾക്കുകയും ഡിറിക്ക് പ്രിൻസ്, ബെന്നിഹിൻ തുടങ്ങിയവർ എഴുതിയ കുറെ പുസ്തകങ്ങൾ വായിക്കയും ചെയ്തതല്ലാതെ ദൈവവചനം വസ്തു നിഷ്ഠമായി പഠിക്കാൻ അവർ തയ്യാറായിട്ടില്ല. ഇവരുടെ പ്രസംഗത്തിന് ദൈവവചന പരിജ്ഞാനം കൂടിയേ കഴിയൂ എന്നുമില്ല. ഏതെങ്കിലും വാക്യങ്ങൾ വായിച്ചിട്ട് ദൈവം ഇതാ അനുഗ്രഹിക്കാൻ പോകുന്നു എന്നു പറയാൻ വചനപരിജ്ഞാനം ആവശ്യമില്ലല്ലോ. മാത്രമല്ല, വചനം പഠിച്ചിട്ടുള്ളവർക്ക് ഇങ്ങനെയൊക്കെ പറയാൻ സാധിക്കയുമില്ല. എന്തെങ്കിലുമൊക്കെ പറഞ്ഞ് ജനത്തെ ഇളക്കുക എന്നതുമാത്രമാണ് ഇവരുടെ ലക്ഷ്യം.

"ഇതിന് വചനത്തിൽ ആധാരമുണ്ടോ?" എന്ന് ചോദിച്ചാൽ ഇവർക്ക് അരിശംവരും. പക്ഷേ, ആർക്കൊക്കെ അരിശം വന്നാലും ദൈവവചനത്തിൽ ആധാരമില്ലാത്ത ഒരു ശുശ്രൂഷയും ദൈവമക്കൾക്ക് സ്വീകരിക്കാൻ ആവില്ല. ദൈവവചനത്തിന്റെ അതിര് വിട്ടുള്ള ശുശ്രൂഷ ദൈവീകമല്ല.

## കുറുക്കുവഴി

# ഡിഫെൻഡർ മറുപടി പറയുന്നു

? അത്ഭുത രോഗശാന്തികൾ നടക്കുന്നതായി ഒട്ടേറെ വാർത്തകൾ പല പെന്തക്കോസ്ത് പത്രങ്ങളിലും വായിക്കാറുണ്ട്. എന്നാൽ ഡിഫെൻഡർ ഇത്തരം വാർത്തകൾക്കെതിരെ നിരന്തരം എഴുതുകയും ചെയ്യുന്നു. ഇത് ആശയക്കുഴപ്പം ഉണ്ടാക്കുന്നു. ഏതാണ് ശരി, ഏതാണ് തെറ്റ് എന്ന് അറിയാതെ പൊതുജനം കുഴയുകയാണ്. ഈ പ്രശ്നത്തേക്കുറിച്ച് ഡിഫെൻഡർ വിശദമായി എഴുതണം.

■ ഈ പ്രശ്നത്തേപ്പറ്റി ഡിഫെൻഡർ വിശദമായി പലവട്ടം എഴുതിയിട്ടുണ്ട്. അതുകൊണ്ട് ഒരളവിൽ അധികം വിശദീകരിക്കേണ്ടതില്ല.

ദൈവീകരോഗശാന്തിയിൽ ഡിഫെൻഡർ വിശ്വസിക്കുന്നു. ദൈവീക രോഗശാന്തിക്ക് എതിരായി ഡിഫെൻഡർ നാളിതുവരെ എഴുതിയിട്ടുമില്ല. പക്ഷേ ദൈവീക രോഗശാന്തി എന്ന പേരിൽ ഇന്ന് നടക്കുന്നത് (ഭൂരിപക്ഷവും) തട്ടിപ്പാണ്. അതിനെതിരെയാണ് ഡിഫെൻഡർ എഴുതുന്നത്.

ഉദാഹരണമായി, ശതാബ്ദി സമ്മേളനത്തിൽ നടന്ന രോഗശാന്തികളെടുക്കാം. നൂറുകണക്കിന് രോഗശാന്തി ഉണ്ടായി എന്ന് പെന്തക്കോസ്ത് പത്രങ്ങളെല്ലാം കൊട്ടിഘോഷിക്കയാണ്. അത്ഭുത രോഗശാന്തി എന്ന് തീർത്തു പറയാവുന്ന ഒരു സംഭവം പറയാൻ കഴിയുന്നുമില്ല. അത്ഭുത രോഗസൗഖ്യം പ്രാപിച്ച വ്യക്തിയുടെ പേര്, വിലാസം, ഫോൺ നമ്പർ, രോഗവിവരം തുടങ്ങിയ വിശദാംശങ്ങൾ സഹിതം വിവരം അറിയിക്കണം എന്ന് ഡിഫെൻഡർ മുൻകൂട്ടിത്തന്നെ അറിയിച്ചിരുന്നെങ്കിലും അത്തരത്തിലുള്ള ഒരു അറിയിപ്പും ലഭിച്ചില്ല. ഒരു പത്രത്തിലും ഇങ്ങനെയുള്ള വിശദാംശങ്ങൾ കണ്ടതുമില്ല.

പോളിയോ ബാധിച്ച ഒരു കുട്ടിക്ക് അത്ഭുത വിടുതൽ കിട്ടിയെന്ന് കേട്ടു. ആ കുട്ടിയെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ കിട്ടിയിരുന്നെങ്കിൽ യഥാർത്ഥ രോഗശാന്തി ഉണ്ടായോ എന്ന് അന്വേഷിക്കാമായിരുന്നു. രോഗശാന്തി വരുത്താൻ കർത്താവിന് കഴിയും. പക്ഷേ, കർത്താവ് പ്രവർത്തിച്ചോ എന്ന് ഉറപ്പു വരുത്തിയ ശേഷം വേണം പ്രചരണം നടത്താൻ.

ഓപ്പറേഷൻ നടത്തി ഗർഭപാത്രം നീക്കം ചെയ്ത ഒരു സ്ത്രീക്ക് വീണ്ടും ഗർഭപാത്രം ഉണ്ടായെന്നും അവർ പ്രസവിച്ചെന്നും തങ്കു പ്രചരിപ്പിക്കുന്നുണ്ട്. ആ സ്ത്രീയുടെ വിലാസവും ഫോൺ നമ്പറും കിട്ടിയിരുന്നെങ്കിൽ ഈ സംഭവത്തിന്റെ വിശദാംശങ്ങൾ കണ്ടെത്താമായിരുന്നു. ഏതു ഡോക്ടറാണ് ഗർഭപാത്രം നീക്കം ചെയ്തത്, ഇപ്പോൾ ഇവർക്ക് പുതിയ ഗർഭപാത്രം ഉണ്ടായോ എന്നൊക്കെ അറിയണം. വൈദ്യശാസ്ത്രത്തിന് ഈ പ്രശ്നത്തിൽ എന്തെങ്കിലും വിശദീകരണം നൽകാനുണ്ടോ എന്നും പരിശോധിക്കണം. അതെല്ലാം കഴിഞ്ഞുവേണം അത്ഭുതമെന്ന് പ്രഖ്യാപിക്കുവാൻ.

കുട്ടികളില്ലാത്തവർക്ക് കുട്ടികളുണ്ടായി, ജോലി ഇല്ലാത്തവർക്ക് ജോലി കിട്ടി, മദ്യപൻ മദ്യപാനം നിർത്തി എന്നൊക്കെ തങ്കു പ്രചരിപ്പിക്കാറുണ്ട്. പക്ഷേ ഈ പറഞ്ഞതൊക്കെ സാധാരണയായി നടക്കാറുള്ള സംഭവമാണ്. അതിൽ അത്ഭുതമൊന്നുമില്ല.

എന്താണ് യഥാർത്ഥ അത്ഭുതം എന്ന് ഡിഫെൻഡർ പലവട്ടം വിശദീകരിച്ചിട്ടുള്ളതാണ്. പ്രകൃത്യാതീത ശക്തികൊണ്ട് മാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണ് അത്ഭുതം. ചെങ്കടൽ വിഭാഗിക്കാൻ മനുഷ്യന് കഴിയുന്നതല്ല. അത് ദൈവം ചെയ്തു. ആർപ്പിട്ടാൽ കോട്ട വീഴുകയില്ല. അതും ദൈവം ചെയ്തു. അന്ധന് കാഴ്ച ലഭിക്കുക, ഊമൻ സംസാരിക്കുക, മരിച്ചവൻ ഉയിർക്കുക തുടങ്ങിയതൊന്നും സാധാരണ കാര്യങ്ങളല്ല. അതുകൊണ്ട് ഇവയെ അത്ഭുതം എന്ന ഗണത്തിൽ പെടുത്താം. ഓപ്പറേഷൻ നടത്തി ഗർഭപാത്രം നീക്കം ചെയ്ത സ്ത്രീ വീണ്ടും പ്രസവിച്ചാൽ അത് അത്ഭുതം തന്നെ. പക്ഷേ, അങ്ങനെ യഥാർത്ഥത്തിൽ സംഭവിച്ചോ എന്ന് അന്വേഷിച്ച് ഉറപ്പു വരുത്തണം.

രാഗിണി മേരിയുടെ ആമാശയവും കുടലും ഓപ്പറേഷനിൽ എടുത്തു കളഞ്ഞു എന്നാണ് അവകാശവാദം. സുബോധമുള്ള ഒരു ഡോക്ടറും ഇത്തരത്തിലുള്ള ഓപ്പറേഷൻ നടത്തുകയില്ല. അതുകൊണ്ട് രാഗിണിയുടെ കഥ ശുദ്ധ ഭോഷ്ക്കാണെന്ന് കൂടുതൽ അന്വേഷണമൊന്നും നടത്താതെ പറയാൻ കഴിയും.

അത്ഭുതം നടന്നു എന്നു കേട്ടാലുടൻ ഇളകാതിരിക്കുവാൻ നാം പഠിക്കണം. അത്ഭുതം പ്രവർത്തിക്കാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം. അതുകൊണ്ട് ദൈവം അത്ഭുതം പ്രവർത്തിച്ചു എന്നതിൽ അത്ഭുതമില്ല. അത്ഭുതം കണ്ട് ആവശ്യത്തിലധികം ബഹളം കൂട്ടേണ്ട ആവശ്യവുമില്ല.

വിശ്വസിക്കുന്നവരെ ഈ അടയാളങ്ങൾ പിൻതുടരും എന്നാണ് ദൈവവചനം പറയുന്നത്, വിശ്വസിക്കുന്നവർ ഈ അടയാളങ്ങളുടെ പിന്നാലെ പോകും എന്നല്ല. അവിശ്വാസികളാണ് അടയാളങ്ങളുടെ പിന്നാലെ പോകുന്നത്.

പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷവും അവിശ്വാസികളാണ്. അതുകൊണ്ടാണ് അവർ അത്ഭുതങ്ങൾ തേടി പോകുന്നത്. സഭയിൽ ഒരു ബൈബിൾ ക്ലാസ്സ് വച്ചാൽ പത്തോ ഇരുപതോ ആളുകൾ വരും. എന്നാൽ പ്രവാചകൻ വരുന്നു എന്നു കേട്ടാൽ ഹാൾ നിറഞ്ഞു കവിയും. ദൈവവചനം വസ്തുനിഷ്ഠമായി പ്രസംഗിക്കുന്ന ദൈവദാസൻമാരുടെ പ്രസംഗം കേൾക്കാൻ എത്തുന്നതിന്റെ പല മടങ്ങ് ആളുകൾ രോഗശാന്തിക്കാരന്റെ യോഗത്തിനെത്തും.

സുരേഷ് ബാബുവിന്റെ പ്രാർത്ഥനയാൽ നാളിതുവരെ ഒരു രോഗശാന്തിയും ഉണ്ടായിട്ടില്ല. എന്നിട്ടും സുരേഷ് ബാബു അത്യുഗ്രൻ രോഗശാന്തി ശുശ്രൂഷകനായാണ് അറിയപ്പെടുന്നത്. കാണാപ്പാഠം പഠിച്ച കുറെ വാക്യങ്ങൾ നല്ല സ്പീഡിൽ പറയാൻ അറിയാമെന്നതിൽ കവിഞ്ഞ ഒന്നും സുരേഷിന്റെ കൈവശമില്ല. എന്നിട്ടും റോസമ്മയേപ്പോലുള്ളവർക്ക് സുരേഷിനെ മതി. എന്താണ് ഇതിന്റെ ഗുട്ടൻസ്?

പെന്തക്കോസ്തുകാർക്ക് ലക്ഷ്യം തെറ്റിയിരിക്കുന്നു. എന്തിനാണ് അവർ കർത്താവിന്റെ പിന്നാലെ ഇറങ്ങിയതെന്ന് അവർ മറന്നുകഴിഞ്ഞു. അത്ഭുതം കാണാനും പണമുണ്ടാക്കാനും രോഗം മാറിക്കിട്ടാനും മറ്റുമാണ് യേശുവിന്റെ പിന്നാലെ ഇറങ്ങിയതെങ്കിൽ നിരാശപ്പെടേണ്ടതായി വരും. കാരണം, യേശുക്രിസ്തു എല്ലായ്പ്പോഴും അത്ഭുതം പ്രവർത്തിക്കുകയില്ല. പണം ഉണ്ടാക്കി കൊടുത്തില്ലെന്നും വരാം. ചിലപ്പോൾ രോഗശാന്തി നൽകാതിരിക്കയും ചെയ്യും.

എന്നാൽ നിത്യജീവന്റെ മൊഴികൾ തേടി, നിത്യ ജീവൻ തേടി, യേശുവിന്റെ പിന്നാലെ ഇറങ്ങിയവർ നിരാശപ്പെടേണ്ടതായി വരികയില്ല. തന്നെ അനുഗമിക്കുന്നവർക്ക് യേശു ജീവൻ സമൃദ്ധിയായി നൽകുന്നു.

സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവർക്ക് ഇന്ന് വലിയ ഡിമാന്റാണ്. പക്ഷേ, ഇത്തരക്കാർ ജനങ്ങളെ വഞ്ചിക്കയാണ് ചെയ്യുന്നത്. രോഗസൗഖ്യവും മറ്റ് സുഖസൗകര്യങ്ങളും നൽകി ജനത്തെ പാട്ടിലാക്കുന്ന ഒരു ദൈവമായാണ് ഇവർ യേശുവിനെ അവതരിപ്പിക്കുന്നത്. ഇത്തരത്തിലൊരു യേശുവിനെ അപ്പൊസ്തലൻമാർ പ്രസംഗിച്ചിട്ടില്ല. യേശു രോഗസൗഖ്യം നൽകുന്നവനാണെങ്കിലും നിത്യജീവൻ നൽകുന്ന യേശുവിനെയാണ് നാം പ്രസംഗിക്കേണ്ടത്.

# ഐ.പി.സി. നേതാക്കൻമാർ ഏഴുലക്ഷം വെട്ടിച്ചു?

ഐ.പി.സി. നേതാക്കൻമാർ ഏഴിലക്ഷത്തിലധികം രൂപ തട്ടിയെടുത്തോ? അറിഞ്ഞുകൂടാ. ഏതായാലും ഇത്തരത്തിലുള്ള ഒരു കേസ്സ് ഉണ്ടായിരിക്കയാണ്. ഐ.പി.സി. നേതാക്കൻമാരായ ടി.എസ്.ഏബ്രഹാം, കെ.എം. ജോൺ, കെ.സി.ജോൺ, കെ. എം.ജോൺ തുടങ്ങിയവരൊക്കെ ചേർന്ന് പണം തട്ടിയതായാണ് കേസ്സ്. സംഭവം ഇപ്പടി:

ഐ.പി.സി. തിരുവല്ല സെന്ററിന് ഒരു കൺവെൻഷൻ ഗ്രൗണ്ട് വേണം എന്ന് ഒരു ബുദ്ധി ആരുടേയോ തലയിൽ ഉദിച്ചു. അതിനായി ഗംഭീര പിരിവും നടത്തി. പത്തുലക്ഷം രൂപയും ആധാരച്ചെലവും വേണമെന്നു പറഞ്ഞായിരുന്നു പിരിവ്.

തിരുവല്ലയിലുള്ള ഒരു സ്ഥലം ഈ ആവശ്യത്തിന് വാങ്ങുകയും ചെയ്തു. പിരിച്ചെടുത്ത പണം കൊടുത്തെന്നും നേതാക്കൻമാർ പറഞ്ഞു. പക്ഷേ ആധാരത്തിൽ ഈ തുകയുടെ മൂന്നിൽ ഒന്നേയുള്ളൂ. ആധാരച്ചെലവ് കുറച്ച് സർക്കാരിനെ കബളിപ്പിക്കുക എന്ന പരിശുദ്ധമായ ഉദ്ദേശ്യം മാത്രമേ ഇതിന്റെ പിന്നിലുള്ളൂ എന്നാണ് നേതാക്കൻമാർ പറയുന്നത്. എങ്കിലും ഈ വിശദീകരണം പലർക്കും വിശ്വാസ്യമായി തോന്നിയില്ല. അതുകൊണ്ട് അവർ പ്രശ്നമുണ്ടാക്കിയിരുന്നു. ഈ വിഷയത്തേക്കുറിച്ച് ഡിഫെൻഡറിൽ വാർത്ത വരികയും ചെയ്തിരുന്നു. ഏറെ താമസിയാതെ ഈ പ്രശ്നം ആറിത്തണുത്തു.

ഈ സ്ഥലം ഇപ്പോൾ വിൽക്കാൻ പദ്ധതിയിടുന്നതായി ആരോപണം ഉയർന്നിരിക്കയാണ്. വില്പനയിലും വൻതുകയുടെ വെട്ടിപ്പ് നടക്കും എന്ന് ചിലർ സംശയിക്കുന്നു. അത് തടയാനാണ് പഴയ സംഭവം കുത്തിപ്പൊക്കി കേസ്സാക്കിയിരിക്കുന്നത്.

പിരിച്ചെടുത്ത പണം മുഴുവൻ കൊടുത്തിട്ടില്ലെങ്കിൽ അത് ഒന്നാംതരം തട്ടിപ്പാണ്. അതിനെതിരെ കേസ്സ് കൊടുക്കേണ്ടതുമാണ്. മറിച്ച് ആധാരത്തിൽ തുക കുറച്ചു കാണിക്കയാണ് ചെയ്തതെങ്കിൽ അതും തെറ്റാണ്. പെന്തക്കോസ്ത് നേതാക്കൻമാർ നികുതിവെട്ടിപ്പ് കാണിച്ചു എന്നു വ്യക്തം. ഇത്തരക്കാർക്ക് ആത്മീയ ശുശ്രൂഷ ചെയ്യാൻ അധികാരമില്ല. രണ്ടിൽ ഏതായാലും ഐ.പി.സി. നേതാക്കൻമാർ കുറ്റം ചെയ്തിരിക്കുന്നു.

ഇപ്പോൾ സിവിൽ കേസ്സ് മാത്രമേ കൊടുത്തിട്ടുള്ളൂ എന്നും താമസിയാതെ ക്രിമിനൽ കേസ്സ് കൊടുക്കുമെന്നും അറിയാൻ കഴിഞ്ഞു. ഈ പ്രശ്നം തിരുവല്ല സെന്ററിൽ കുഴപ്പങ്ങൾക്ക് കാരണമാകും എന്നാണ് കരുതപ്പെടുന്നത്.

# ഇതാ വരുന്നൂ ചവർ ചാനൽ

കെ.സി.ജോണിന്റെ ചവർ ചാനൽ ഫെബ്രുവരിയിൽ പ്രവർത്തനം തുടങ്ങും. പറയുന്നത് കെ.സി.ജോണാണ്. സർക്കാരിന്റെ അനുവാദം കിട്ടാതിരുന്നതുകൊണ്ടാണത്രേ ഇതുവരെ തുടങ്ങാൻ പറ്റാതിരുന്നത്. രണ്ടാഴ്ച മുൻപ് അനുവാദം കിട്ടി. ഇനി ആ പഴി പറഞ്ഞ് ഉദ്ഘാടനം നീട്ടിക്കൊണ്ടു പോകാനാവില്ല എന്നു ചുരുക്കം.

2004 നവംബർ ഒന്നിന് രണ്ടു ചാനൽ പ്രവർത്തനം ആരംഭിക്കും എന്നായിരുന്നു പ്രചരണം. പക്ഷേ അതു നടന്നില്ല. എന്നു തുടങ്ങുമെന്ന് പറഞ്ഞുമില്ല. എങ്കിലും രണ്ടു ചാനൽ എന്നത് ഒരു ചാനൽ എന്നാക്കി.

ആകെ 25 കോടി രൂപ വേണമെന്നും അതിന്റെ മൂന്നിൽ ഒന്ന് കിട്ടിക്കഴിഞ്ഞെന്നുമായിരുന്നു രണ്ടു കൊല്ലം മുൻപ് പറഞ്ഞത്. അതുകഴിഞ്ഞ് ഉലകപര്യടനം നടത്തി അത്യുഗ്രൻ പിരിവ് നടത്തി. എന്നിട്ടും വേണ്ടത്ര പണം കിട്ടിയിട്ടില്ലെന്നും ചാനൽ തുടങ്ങാൻ താമസിക്കുന്നത് ഈ കാരണത്താലാണെന്നും വാർത്ത പരന്നു. ഒരു വിരുതൻ കെ.സി.ജോണിന്റെ ചാനലിന് പൂവർ ചാനൽ എന്ന് പേരുമിട്ടു. പണം കിട്ടാതിരുന്നതല്ല, കിട്ടിയത് ചില വായി(ൽ) പോയതാണ് കാരണമെന്ന് പിന്നീടറിഞ്ഞു.

ചാനൽ തുടങ്ങാൻ അനുവാദം കിട്ടിക്കഴിഞ്ഞതിനാൽ ഇനി എന്തു തടസ്സം എന്നു ചോദിച്ചേക്കാം. തടസ്സമേയുള്ളൂ എന്നതാണ് സത്യം. ഇപ്പോൾ എല്ലാ ചാനലിലും 24 മണിക്കൂറും പരിപാടിയുണ്ട്. ചവർ ചാനലിലും 24 മണിക്കൂർ പരിപാടി ഉണ്ടാകണം. സാധാരണയായി ഒരു പരിപാടിയുടെ ദൈർഘ്യം അര മണിക്കൂറാണ്. അങ്ങനെ കണക്കാക്കിയാൽ 48 പരിപാടികൾ ഒരു ദിവസം അവതരിപ്പിക്കണം. പകൽ കാണിച്ച പരിപാടി രാത്രിയിൽ ഒരിക്കൽക്കൂടി കാണിക്കാം എന്ന് വച്ചാലും 24 പരിപാടി വേണം. അങ്ങനെ 365 ദിവസം കാണിക്കാൻ 8760 പരിപാടി വേണം. ഇത് ഒരു വർഷം ആവശ്യമുള്ള പരിപാടിയുടെ ഏറ്റവും കുറഞ്ഞ കണക്കാണ്.

മൂന്നു മാസത്തെ പരിപാടിയെങ്കിലും സ്റ്റോക്കുണ്ടെങ്കിൽ ചാനൽ ആരംഭിക്കാം. കുറഞ്ഞപക്ഷം 2000 പരിപാടി സ്റ്റോക്കുവേണമെന്ന് ചുരുക്കം. 200 പരിപാടിയെങ്കിലും ഇപ്പോൾ റെഡിയായിട്ടുണ്ടോ എന്ന് കെ.സി.ജോൺ പറയട്ടെ. ചാനൽ തുടങ്ങിക്കഴിഞ്ഞാൽ ദിവസം 20 പരിപാടിയെങ്കിലും റിക്കാഡ് ചെയ്യണം. അത് നടക്കുമോ?

ചാനൽ തുടങ്ങാൻ 25 കോടി വേണമെന്ന് കെ.സി.ജോൺ പറഞ്ഞു. തുടങ്ങിക്കഴിഞ്ഞാൽ അതിൽ ഏറെ വേണമെന്ന് ഈ മണ്ടന് അറിഞ്ഞുകൂടാ. ഏതാനും മാസം നടത്തിക്കഴിയുമ്പോൾ വലിയൊരു തുക കടം വരുത്തിവെച്ചിട്ട് ചാനലും കമ്പനിയും പരലോകം പൂകും.

ചാനലിന്റെ ഷെയർ എടുക്കുന്നവർ സൂക്ഷിക്കുക: നിങ്ങൾ മുടക്കുന്ന പണം ഇനി ഒരിക്കലും നിങ്ങൾ കാണുകയില്ല. ചാനലുമായി ഇടപാടു നടത്തുന്നവർ സൂക്ഷിക്കുക: നിങ്ങൾക്ക് പണം നഷ്ടമാകും. ചാനലിന്റെ നേതൃസ്ഥാനത്തുള്ളവർ സൂക്ഷിക്കുക: മേശപ്പുറത്തടിച്ചും സ്റ്റേജിൽ വെരുകിനേപ്പോലെ ഓടിനടന്നും പ്രസംഗിച്ച് ജനത്തെ ഇളക്കാനല്ലാതെ ഒന്നും നിങ്ങൾക്കറിഞ്ഞുകൂടാ. ഈ അറിവുകൊണ്ട് ചാനൽ നടത്താനാകില്ല. നിങ്ങൾ സകല പെന്തക്കോസ്തുകാർക്കും നാണക്കേടുണ്ടാക്കിവയ്ക്കും.

# തിരുവല്ലയിൽ അനുഗ്രഹം കരകവിഞ്ഞൊഴുകുന്നു

തിരുവല്ലയിൽ അനുഗ്രഹം കരകവിഞ്ഞൊഴുകുകയാണ്. അനുഗ്രഹത്തിന്റെ തിരത്തള്ളലിൽ തിരുവല്ല നിവാസികൾ ശ്വാസം മുട്ടുകയുമാണ്.

ഒരു കൂട്ടർ മാറുമ്പോൾ മറ്റൊരു കൂട്ടർ തുടങ്ങും. ഒന്നിനു പുറകെ ഒന്നായി ആത്മീയ കൂട്ടായ്മകൾ നടക്കുന്നു.

പല രൂപത്തിലും ഭാവത്തിലുമുള്ള യോഗങ്ങളുണ്ട്. അവയിൽ ഏറ്റവും വലിയത് ശതാബ്ദി ഭോഷ്ക്കായിരുന്നു. സത്യവും നുണയും ചേർത്ത് പത്തു ലക്ഷം ആളുകൾ പങ്കെടുത്തു.

ശാരോൻ കൺവെൻഷന് എത്രപേർ പങ്കെടുത്തു എന്ന് അറിഞ്ഞുകൂടാ. നുണ പറയാനുള്ള കഴിവിനനുസരിച്ച് എണ്ണം ഒരു ലക്ഷമോ രണ്ടു ലക്ഷമോ ആക്കാം.

ചർച്ച് ഓഫ് ഗോഡിന്റെ കൺവെൻഷനും തിരുവല്ലയിലാണ് നടക്കുക. അവിടെയും കുറെ ലക്ഷങ്ങൾ പങ്കെടുത്തു എന്ന് വെറുതെയെങ്കിലും പറയാം.

പല സംഘടനകളുടേയും നേതൃത്വത്തിൽ ചെറുതും വലുതുമായി മറ്റ് നിരവധി കൺവെൻഷനുകളും നടക്കും. കുറച്ചധികമുള്ളതുകൊണ്ട് എല്ലാത്തിന്റേയും പേര് പറയാൻ ബുദ്ധിമുട്ടുണ്ട്. സ്ഥിരം ഉപവാസക്കാരായ ചിലരുടെ നേതൃത്വത്തിൽ ആണ്ടുതോറും ഉപവാസവും നടക്കാറുണ്ട്. ഈ വർഷവും ഇത്തരത്തിലുള്ള കുറെ ഉപവാസ മഹാമഹങ്ങൾ നടക്കും.

ബ്ലസ്സ് തിരുവല്ല എന്ന പേരിൽ ഒരു സംഭവവികാസം തിരുവല്ലയിൽ നടക്കുന്നതായി അറിയാൻ കഴിഞ്ഞു. ഈ യോഗം കഴിയുമ്പോൾ തിരുവല്ല അനുഗ്രഹിക്കപ്പെടും എന്ന് കരുതാം.

എല്ലാവരും എന്തിന് തിരുവല്ല തിരഞ്ഞെടുക്കുന്നു എന്ന് ഒരു പിടിയും കിട്ടുന്നില്ല. തിരുവല്ലാക്കാർ മാത്രം അനുഗ്രഹിക്കപ്പെട്ടാൽ മതിയോ? സുവിശേഷം അധികമൊന്നും പ്രസംഗിക്കപ്പെട്ടിട്ടില്ലാത്ത എത്രയോ പട്ടണങ്ങളും ഗ്രാമങ്ങളും കേരളത്തിലുണ്ട്. അവയൊന്നും അനുഗ്രഹിക്കപ്പെടേണ്ടേ?

സംഭവം അതല്ല. വല്ല ഓണംകേറാമൂലയിലും പോയി യോഗം നടത്തിയാൽ ആധികം ആളു കൂടിയില്ലെന്നു വരും. സ്തോത്രക്കാഴ്ചയെന്നും സംഭാവനയെന്നും ഒക്കെ പറഞ്ഞ് പണം പിരിക്കാനും കഴിയാതെ പോകും. അതുകൊണ്ടാണ് തിരുവല്ലയെ അനുഗ്രഹിക്കാൻ ഇത്ര തിടുക്കം.

# പിൻമാറ്റക്കാരിക്ക് ശാരോൻ തുണ

ശാരോൻ അധഃപതനത്തിന്റെ നെല്ലിപ്പലക കണ്ടിരിക്കയാണെന്ന് ഏവർക്കും അറിയാം. എന്നാൽ ഇത്രത്തോളം അധഃപതിച്ചു എന്ന് ഡിഫെൻഡർ പോലും കരുതിയിരുന്നില്ല.

പിൻമാറ്റക്കാരുമായി സംസർഗ്ഗം അരുതെന്നാണ് ദൈവവചനം പറയുന്നത്. ശാരോന്റെ വിശ്വാസപ്രമാണവും അതുതന്നെയാണെന്നത്രേ ഡിഫെൻഡറും ധരിച്ചിരുന്നത്. പക്ഷേ, ഡിഫെൻഡറിന്റെ ധാരണ ശരിയല്ലെന്ന് ഇതാ തെളിഞ്ഞിരിക്കുന്നു.

തിരുവല്ലയ്ക്ക് സമീപമുള്ള ഒരു ശാരോൻ സഭയിലെ അംഗമായ ഒരു പെൺകുട്ടി മറുനാട്ടിൽ പോയി. പിള്ളേരല്ലേ, പിണ്ണാക്കല്ലേ എന്ന പ്രമാണം അനുസരിച്ച് പെൺകുട്ടി അല്പം പിണ്ണാക്ക് തിന്നു. ക്രമേണ സഭയുമായി അകന്നു. ആത്മീയത വലിച്ചെറിഞ്ഞു.

പിണ്ണാക്കു പരിപാടിയുമായി ബന്ധപ്പെട്ട് ഒരു കത്തോലിക്കനുമായി ബന്ധത്തിലായി. ആ ബന്ധം വളർന്ന് വിവാഹത്തിലെത്തിയെന്നും ഇല്ലെന്നും വാദമുണ്ട്. ഏതായാലും അവർ ഭാര്യാഭർത്താക്കൻമാരായാണ് ജീവിച്ചിരുന്നത്. ഇടയ്ക്ക് ചില്ലറ പിണക്കങ്ങളും ഉണ്ടായിരുന്നു.

കാര്യങ്ങൾ ഇങ്ങനെ പോയാൽ പോരാ എന്ന് ഇവർക്കു തോന്നി. ശരിക്ക് വിവാഹം കഴിക്കണം. ഈ ഉദ്ദേശ്യത്തോടെ അവർ നാട്ടിലെത്തി. ചെറുക്കൻ കത്തോലിക്കനായതുകൊണ്ട് കത്തോലിക്കാ സഭയിൽ വെച്ചായിരിക്കും കല്യാണം എന്നും തീരുമാനിച്ചു.

ഇനിയാണ് പുകില്. പിൻമാറ്റക്കാരിയുടെ വീട്ടുകാർക്ക് പണമുണ്ട്. പണമുള്ളവർക്ക് എന്തും ആകാമല്ലോ. അതുകൊണ്ട് സഭാശുശ്രൂഷകനും മറ്റു ചില നേതാക്കൻമാരും ചേർന്ന് പിൻമാറ്റക്കാരിക്ക് എല്ലാ പിൻതുണയും വാഗ്ദാനം ചെയ്തു. ഒരു പാവപ്പെട്ടവന്റെ വീട്ടിൽ മുൻകൂട്ടി നിശ്ചയിച്ചിരുന്ന ഉപവാസപ്രാർത്ഥന വരെ റദ്ദ് ചെയ്ത് പാസ്റ്റർ പിൻമാറ്റക്കാരിയുടെ വിവാഹം നടത്താൻ ഓടി നടന്നു.

വിവാഹം കത്തോലിക്കാപ്പള്ളിയിൽ വെച്ചാണെന്നതൊന്നും പാസ്റ്റർക്ക് പ്രശ്നമായില്ല. എല്ലാത്തിനും പാസ്റ്ററുടെ സഹായവും സജീവ സാന്നിദ്ധ്യവും ഉണ്ടായിരുന്നു.

ഗർഭച്ഛിദ്രം വരെ നടത്തിയ ടി.ജി.കോശി പ്രസിഡന്റും പ്രകൃതിവിരുദ്ധന്റെ പിതാവായ ടി.പി.ഏബ്രഹാം സെക്രട്ടറിയും സ്വന്തം മകളെ ഭാര്യയാക്കി വെച്ചിരിക്കുന്ന കുഞ്ഞൂട്ടി മറ്റൊരു സെക്രട്ടറിയുമായിരിക്കുന്ന ശാരോനിൽ ഇങ്ങനെയൊക്കെ നടന്നില്ലെങ്കിലേ അത്ഭുതമുള്ളൂ.

# നാഗാലാന്റ് സ്മരണകൾ

ഞായറാഴ്ച നാഗാലാന്റിൽ ശരിക്കും അവധിയാണ്. കടകൾ ഒന്നും തുറക്കുകയില്ല. അന്ന് ബസ്സില്ല. സ്വകാര്യ വാഹനങ്ങൾ പോലും അധികം ഓടാറില്ല. മിക്ക നാഗനും അന്ന് പള്ളിയിൽ പോകും. അത്യാവശ്യ കാര്യങ്ങളൊഴികെ യാതൊരു ജോലിയും അന്നു ചെയ്കയുമില്ല. അതുകൊണ്ട് ശനി, ഞായർ എന്നീ ദിവസങ്ങളിലാണ് ഞങ്ങൾ അലക്ക്, കുളി തുടങ്ങിയവ നടത്തുന്നത്. തണുപ്പുരാജ്യമായ നാഗാലാന്റിൽ ആഴ്ചയിലൊരിക്കലോ, മാസത്തിലൊരിക്കലോ, വർഷത്തിലൊരിക്കലോ കുളിച്ചാൽ മതിയാകും. അഥവാ കുളിച്ചില്ലെങ്കിലും വിശേഷാൽ ഒരു ദോഷവും ഉണ്ടാകയുമില്ല.

''കേരളത്തിനു പുറത്തിറങ്ങിയാൽ മലയാളി നല്ലവനാണ്. അവർ രണ്ടുപേരുണ്ടെങ്കിൽ ഒരു യൂണിയനുണ്ടാക്കും. മൂന്നു പേരുണ്ടെങ്കിൽ രണ്ടു യൂണിയനുണ്ടാക്കും". മലയാളിയെക്കുറിച്ച് ആരോ പറഞ്ഞതാണിത്. ഇതിൽ ആദ്യത്തെ വാചകം എത്രത്തോളം ശരിയാണെന്നറിഞ്ഞു കൂടാ. പക്ഷേ അടുത്ത രണ്ടു വാചകങ്ങളും ശരിയാണെന്ന് അനുഭവത്തിലൂടെ ഞാൻ പലവട്ടം കണ്ടു.

വൊക്കയിൽ അന്ന് ഏകദേശം 50 മലയാളികളാണുണ്ടായിരുന്നത്. (ആസ്സാം റൈഫിൾസിന്റെ 12-ാം ബാറ്റാലിയൻ വൊക്കയിലാണു താവളമടിച്ചിരിക്കുന്നത്. അതിലുള്ള മലയാളികളെകൂടാതെയുള്ള കണക്കാണിത്). ഈ അൻപതുമലയാളികൾ രണ്ടു സമാജങ്ങളായി പിരിഞ്ഞ് പ്രവർത്തിച്ചിരുന്നു. രണ്ടിടത്തും അംഗത്വമില്ലാത്തവരും രണ്ടു കൂട്ടരോടും സഹകരിച്ചു വന്നിരുന്നവരുമായ ചുരുക്കം ചിലരിലൊരുവനായി ഞാനും മാറി. ആണ്ടുതോറും ഓണം ആഘോഷിക്കുകയെന്നതാണ് ഈ സമാജങ്ങളുടെ മുഖ്യപരിപാടി. കൂടാതെ ചീട്ടുകളി, പരദൂഷണം തുടങ്ങിയ ചെറുകിട വ്യവസായങ്ങളും ഉണ്ടായിരുന്നു.

നാഗന്മാർക്ക് അവരുടേതായ ആഘോഷങ്ങളുണ്ട്. ഓരോ ഗോത്രത്തിനും സ്വന്തം ഉത്സവങ്ങളും ചടങ്ങുകളുമാണുള്ളത്. ക്രിസ്ത്യാനികളായശേഷവും അവർ തങ്ങളുടെ പരമ്പരാഗതമായ ഉത്സവങ്ങൾ തുടർന്നുവരുന്നു. വൊക്കയിലെ ഗോത്രമായ ലോത്താക്കാരുടെ പ്രധാന ഉത്സവം 'തൊക്കു ഇമങ്' ആണ്. നവംബർ ആദ്യയാഴ്ചയിലാണിത്. കൊൻയാക് വർഗ്ഗത്തിന്റെ പ്രധാന ഉത്സവം ഒരാഴ്ച നീളമുള്ളതാണ്. ആവോ വർഗ്ഗക്കാർ 'മൊവാസ്ത്' ആഘോഷിക്കുന്നു. എന്നാൽ എല്ലാ നാഗന്മാരും ഒന്നു പോലെ ആഘോഷിക്കുന്ന ഉത്സവം ക്രിസ്തുമസ്സാണ്. ഡിസംബർ 23-ാം തീയതി മുതൽ ജനുവരി 1-ാം തീയതി വരെ എല്ലാ സർക്കാർ - സ്വകാര്യസ്ഥാപനങ്ങളിലും അവധിയാണ്. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഡിസംബർ 22-ന് വിതരണം ചെയ്യും. പിന്നീടുള്ള പത്തു ദിവസം സന്തോഷിക്കാനുള്ളതാണ്.



രണ്ടാം ലോക മഹായുദ്ധ സ്മാരകം (കൊഹീമ)

പള്ളികളെല്ലാം പലമാസങ്ങൾക്കു മുൻപുതന്നെ ക്രിസ്തുമസ് പ്രോഗ്രാം അച്ചടിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ടാകും. പാട്ട്, പ്രസംഗം, കലാപരിപാടികൾ തുടങ്ങിയവയെല്ലാം ഉണ്ടായിരിക്കും. കേരളത്തിൽ പണ്ടുണ്ടായിരുന്ന ഓണാഘോഷം പോലെയാണെന്ന് ഒരർത്ഥത്തിൽ പറയാം. കാണം വിറ്റായാലും വേണ്ടില്ല അവർ ക്രിസ്തുമസ്സ് ആഘോഷിക്കും. പുതുവസ്ത്രങ്ങൾ, ഇതര കൗതുകവസ്തുക്കൾ എല്ലാം ധാരാളമായി വാങ്ങിക്കൂട്ടും. ആയിരക്കണക്കിനു രൂപയാണ് ഓരോ കുടുംബവും ചെലവഴിക്കുക.

ഈസ്റ്റർ ഇത്രത്തോളം ഗംഭീരമായി ആഘോഷിക്കാറില്ല. പക്ഷേ അച്ചടിച്ച പ്രോഗ്രാമും മറ്റും ഉണ്ടാകും. സാധാരണയായി പെസഹാവ്യാഴാഴ്ച മുതൽ ഈസ്റ്റർവരെയാണ് അവധി.

സ്കൂളുകളിൽ പലവിധത്തിലുള്ള അവധിയുണ്ട്. ഞായർ അവധി ശനിയാഴ്ച പേരിനു മാത്രം ക്ലാസ്. ദേശീയ അവധികൾ മിക്കതും നാഗാലാന്റിലും ബാധകമാണ്. വിത്തുവിതയ്ക്കാനായി മാർച്ചിൽ ഒരാഴ്ചത്തെ അവധി. ഈസ്റ്ററിന് ഒരാഴ്ച. ജൂൺ-ജൂലൈ മാസങ്ങളിൽ രണ്ടു മൂന്നാഴ്ച മദ്ധ്യവേനലവധി. വിജയദശമിക്കാലത്ത് ദുർഗ്ഗാപൂജയ്ക്കെന്ന പേരിൽ ഏതാനും ദിവസം. എല്ലാറ്റിലും ഉപരി, ഡിസംബർ-ജനുവരി മാസക്കാലം മുഴുവൻ ശീതകാല അവധി.

നവംബർ അവസാന ആഴ്ചയിൽ വാർഷിക പരീക്ഷ നടത്തി റിസൾട്ട് തയ്യാറാക്കി ഹെഡ്മാസ്റ്ററെ ഏല്പിച്ചാൽ അദ്ധ്യാപകർക്കു സ്ഥലം വിടാം. മൂന്നുമാസം മുൻപേ അതിനുള്ള തയ്യാറെടുപ്പാരംഭിച്ചു. ഡിസംബർ ആദ്യ ആഴ്ചയിൽ യാത്ര തിരിക്കത്തക്കവിധം ടിക്കറ്റ് റിസർവ്വ് ചെയ്യാനായി കൃത്യം 90 ദിവസം മുൻപ് ഒരാളെ ഗുവഹാത്തിയ്ക്കയച്ചു. തിരുവനന്തപുരം-ഗുവഹാത്തി എക്സ്പ്രസ്സിനാണ് ടിക്കറ്റെടുക്കുന്നത്.

പലവിശേഷതകളും ഉള്ള ട്രെയിനുകളായിരുന്നു അക്കാലത്ത് ഗുവഹാത്തിയിൽ നിന്നും തിരുവനന്തപുരം, കൊച്ചി, ബാംഗ്ലൂർ എന്നിവിടങ്ങളിലേയ്ക്കുള്ളവ. (ഇപ്പോൾ എങ്ങനെയാണെന്ന് അറിഞ്ഞുകൂടാ). ആഴ്ചയിൽ ഒന്ന് എന്ന ക്രമത്തിനാണ് ഓട്ടം. ഏറ്റവും തിരക്കുള്ള ട്രെയിനുകളുടെ കൂട്ടത്തിലാണ് ഇവയുടെ സ്ഥാനം. അതുകൊണ്ടുതന്നെ റെയിൽവേയ്ക്ക് ഏറ്റവും വരുമാനമുണ്ടാക്കുന്നവയുടെ കൂട്ടത്തിൽ ഇവയുമുണ്ട്. ഇക്കാരണങ്ങളാൽ ചില പ്രത്യേക പരിഗണനകൾ ഇവയ്ക്ക് ലഭിച്ചുവരുന്നു. അനേക വർഷങ്ങൾ ഓടി തഴക്കവും പഴക്കവും വന്ന ബോഗികളാണ് ഇവയ്ക്കുള്ളത്. എക്സ്പീരിയൻസില്ലാത്ത പുത്തൻ ബോഗികളെ ഇത്തരമൊരു ദീർഘയാത്രയയ്ക്ക് അയയ്ക്കുന്നത് നല്ലതല്ലല്ലോ. തങ്ങളേക്കാൾ പ്രായമുള്ളവരെ ബഹുമാനിക്കണമെന്നുള്ള തത്വമനുസരിച്ചു യാത്രക്കാർ വളരെ സൂക്ഷിച്ചാണ് ഇരിക്കയും കിടക്കയും മറ്റും ചെയ്യുക. മറ്റു ട്രെയിനുകളിലെപ്പോലെ വെള്ളത്തിനും മറ്റും ടോയിലറ്റിലേയ്ക്കു പോകേണ്ട ആവശ്യമില്ല. ടാങ്കിൽ നിന്നും വെള്ളം ഓരോ സീറ്റിനടുത്തേക്കും ഒഴുകിവന്നുകൊണ്ടിരിയ്ക്കും. മഴക്കാലത്ത് മഴവെള്ളം ഒട്ടും നഷ്ടമാക്കാതെ മുഴുവനും ട്രെയിനിനുള്ളിൽത്തന്നെ ശേഖരിക്കും.

അപകടങ്ങൾ കഴിവതും ഒഴിവാക്കേണമെന്നതുകൊണ്ട് വളരെ സൂക്ഷിച്ചാണ് യാത്ര. പാസഞ്ചർ ട്രെയിനുകളുൾപ്പെടെ എല്ലാത്തിനും വഴിമാറികൊടുക്കുന്നു എന്നത് ഈ ട്രെയിനുകൾ എത്ര മാന്യന്മാരും മര്യാദക്കാരുമാണെന്നതിന്റെ തെളിവാണ്. സാധാരണ ട്രെയിനുകളെപ്പോലെ തന്നെ മിനിട്ടുകൾ മാത്രമേ ഈ ട്രെയിനുകളും ലേറ്റാകയുള്ളു. മൂവായിരമോ അയ്യായിരമോ ഏഴായിരമോ മിനിട്ടുകൾ. വല്ലവരും എഴുതിയുണ്ടാക്കിയ ടൈംടേബിളനുസരിച്ച് ഓടുകയെന്ന 'ചീപ്പ്' പണിക്കൊന്നും ഈ ട്രെയിനുകളെ കിട്ടുകയല്ല. ഇത്ര മഹത്തായ ട്രെയിനിലാണ് ഞങ്ങൾ ടിക്കറ്റ് ബുക്ക് ചെയ്തത്. പരീക്ഷ കഴിഞ്ഞ് റിസൾട്ടും കൊടുത്തശേഷം ഞങ്ങൾ യാത്ര തിരിച്ചു. പറയത്തക്ക പ്രശ്നങ്ങളൊന്നും കൂടാതെ നാട്ടിൽ എത്തുകയും ചെയ്തു.

രണ്ടു മാസം കഴിഞ്ഞ്, ഫെബ്രുവരി ആദ്യ ആഴ്ചയിൽ ഞാൻ സകുടുംബം നാഗാലാന്റിലേക്ക് യാത്ര തിരിച്ചു. കാഴ്ച കാണുകയായിരുന്നു ട്രെയിനിൽ കുട്ടികളുടെ പ്രധാന പരിപാടി. ഗോദാവരി, കൃഷ്ണ, പെണ്ണാർ, ഗംഗ, ബ്രഹ്മപുത്ര തുടങ്ങിയ വൻ നദികളും ഒട്ടേറെ ചെറിയ നദികളും കണ്ടു. പലതരം ആൾക്കാർ പലതരം ഭാഷകൾ, പലതരം വേഷങ്ങൾ എല്ലാം കണ്ടുകൊണ്ട് അവർ സമയം കഴിച്ചു.

അധികം ലേറ്റാകാതെ ട്രെയിൻ ഗുവഹാത്തിയിലെത്തിയെന്നതാണ് എടുത്തു പറയേണ്ട ഒരു അത്ഭുതസംഭവം. അവിടെനിന്നും കാമരൂപ് എക്സ്പ്രസ്സിൽ യാത്രതുടർന്നു. വ്യാഴാഴ്ച പുറപ്പെട്ട ഞങ്ങൾ തിങ്കളാഴ്ച രാവിലെ ദിമാപൂരിയിലെത്തി. ഭാര്യയ്ക്കുവേണ്ടി I.L.P ശരിയാക്കിക്കൊണ്ടു വന്നിരുന്നതുകൊണ്ട് ചെക്ക് പോസ്റ്റുകളിൽ കുഴപ്പങ്ങൾ ഒന്നും ഉണ്ടായില്ല. തിങ്കളാഴ്ച ഉച്ച കഴിഞ്ഞപ്പോഴേക്കും വൊക്കയിലെത്താൻ സാധിച്ചു. ചില സഹപ്രവർക്കരോടൊപ്പം കാറിലായിരുന്നു യാത്ര.

യാത്രാക്ഷീണം വകവയ്ക്കാതെ, അത്യാവശ്യം ചെയ്യേണ്ട കാര്യങ്ങൾ പലതും ചെയ്തു. കുറച്ചു ചോറും കറികളും ഉണ്ടാക്കിക്കഴിച്ചു. വീടും അടുക്കളയും എല്ലാം അടിച്ചു വാരി വൃത്തിയാക്കി. പ്രാദേശിക വാർത്തകളൊക്കെ അന്വേഷിച്ചു. പറയത്തക്ക കുഴപ്പങ്ങളൊന്നും ഇല്ല. എല്ലാം ശുഭം.

പിറ്റേ ദിവസം സ്കൂളിൽ പോയി. മൂത്തമകൻ അബീഷിനെ U.K.G- യിൽ ചേർത്തു. അവൻ കേരളത്തിലായിന്നപ്പോൾ L.K.G -ൽ പഠിക്കയായിരുന്നു. രണ്ടാമനായ അനീഷ് സ്കൂളിൽ പോകാറായിട്ടില്ല. അബീഷിനു വേണ്ട പുസ്തകം, യൂണിഫോം തുടങ്ങിയവ വാങ്ങിച്ചു. നല്ലയൊരു തുക ആ വഴിക്കു ചെലവായി. വീട്ടിൽ അത്യാവശ്യം വേണ്ട ചില സാധനങ്ങളും വാങ്ങിച്ചു.

എന്റെ ഭാര്യയും കുട്ടികളും അധികം ബുദ്ധിമുട്ടു കൂടാതെ തന്നെ പുതിയ ചുറ്റുപാടിനോടിണങ്ങിച്ചേർന്നു. വൊക്കയിൽ കിട്ടുന്ന വിഭവങ്ങൾകൊണ്ട് കറികൾ വെയ്ക്കും. പാചകം, വസ്ത്രം അലക്കൽ എന്നിവ മാത്രമായിരുന്നു പ്രധാന പണി. ഞാനും അബീഷും സ്കൂളിൽ പോയിക്കഴിഞ്ഞാൽ അധികമൊന്നും ചെയ്യാനില്ല. നല്ല തണുപ്പായിരുന്നതിനാൽ പുതച്ചു കിടക്കാൻ രസമാണ്.

ഭാഷ വശമില്ലെങ്കിലും എന്റെ ഭാര്യ ചന്തയിൽ പോയി സാധനങ്ങൾ വാങ്ങിക്കാൻ പഠിച്ചു. സ്ത്രീകൾക്ക് നാഗാലാന്റിലെവിടെയും സുരക്ഷിതമായി സഞ്ചരിക്കാം. ആരും അവരെ ശല്യംചെയ്യുകയില്ല. പുരുഷന്മാർ ഒറ്റയ്ക്കുപോകാൻ ധൈര്യം തോന്നാത്ത സ്ഥലങ്ങളിൽ ഒരു സ്ത്രീയേക്കൂടി കൂട്ടിനു വിളിയ്ക്കുക. സ്ത്രീകൾ മാത്രമേയുള്ളു എങ്കിൽ ഏറെ നല്ലത്. സ്ത്രീകളെ ഉപദ്രവിക്കാൻ നാഗാ സംസ്ക്കാരം അനുവദിക്കുന്നില്ല. മദ്യപന്മാർ, സാമൂഹ്യവിരുദ്ധർ, പിടിച്ചു പറിക്കാർ തുടങ്ങിയവർ പോലും സ്ത്രീകളെ വെറുതെ വിടും.

വീട്ടുടമസ്ഥൻ വാടക കൂട്ടിയെന്നതാണ് മറ്റൊരു വിശേഷം. 130 രൂപയായിരുന്നത് 150 രൂപയാക്കി. മൂന്നു കുട്ടികൾക്ക് ട്യൂഷനെടുക്കുമ്പോൾ വാടക കഴിച്ച് മാസംതോറും 20 രൂപ തന്നുവരികയായിരുന്നല്ലോ. വാടക കൂട്ടിയപ്പോൾ ഞാൻ ട്യൂഷൻ ഫീസും കൂട്ടി. മാസം 60 രൂപയാക്കി. അങ്ങനെ വാടകയായ 150 രൂപ കഴിച്ച് ബാക്കി 30 രൂപ മാസം തോറും തരും. വാടക കൂട്ടിയതിൽ വീട്ടുടമസ്ഥനു സന്തോഷം. മാസാമാസം കിട്ടുന്ന തുകയിൽ 10 രൂപയുടെ വർദ്ധനവുണ്ടായതിൽ എനിക്കും സന്തോഷം.

നാഗന്മാർ മംഗോളിയൻ വർഗ്ഗത്തിൽപ്പെട്ടവരാണ്. അതായത് അവർ ചൈനാക്കാരേപ്പോലെ മുഖഛായയുള്ളവരാണ്. ഇവരുടെ സ്വദേശം ചൈനയോ മംഗോളിയയോ മറ്റോ ആയിരിക്കാനാണ് സാദ്ധ്യത. എന്നാണ് ഇവർ നാഗാലാന്റിലെത്തിയതെന്ന് വ്യക്തമല്ല. നാഗൻ എന്നപേര് ഇവർക്ക് ലഭിച്ചതെ

(അടുത്ത പേജ് ............)

നിങ്ങൾക്കും ഒരു വെബ്സൈറ്റ്
വെറും 1500 രൂപയ്ക്ക്
No Hidden Costs
വിളിക്കൂ: 9447414608

# നാഗാലാന്റ് സ്മരണകൾ ...............

ങ്ങനെയെന്നതിനെപ്പറ്റിയും വ്യക്തമായ രേഖയൊന്നുമില്ല. മലവാസികൾ എന്ന് അർത്ഥം വരുന്ന ഒരു അസ്സാമീസ് വാക്കിൽ നിന്ന് നാഗൻ എന്ന പേരുണ്ടായി എന്നൊരു സിദ്ധാന്തമുണ്ട്. നാഗന്മാർ അധികം വസ്ത്രമൊന്നും ധരിക്കുന്നവരല്ലായിരുന്നതുകൊണ്ട് 'നഗ്നൻ' എന്ന പദത്തിൽ നിന്ന് നാഗൻ എന്ന വാക്കുണ്ടായിയെന്നു പറയുന്നവരും ഉണ്ട്.

മലവാസികളും യുദ്ധവീരന്മാരുമായ ഇവരെ കീഴടക്കുക അത്ര എളുപ്പമല്ലായിരുന്നതിനാൽ ബ്രിട്ടീഷുകാർക്കു മുൻപു ആരും നാഗാലാന്റ് കീഴടക്കാൻ ശ്രമിച്ചിരുന്നില്ല. വേണ്ടുവോളം ആയുധങ്ങളും സൈന്യവും മറ്റുമുണ്ടായിരുന്ന ബ്രിട്ടീഷുകാർ വളരെയധികം രക്തം ചിന്തിയാണ് നാഗൻമാരെ കീഴ്പ്പെടുത്തിയത്. പക്ഷേ, നാഗാലാന്റ് കീഴടക്കാൻ അവർക്കു കഴിഞ്ഞതുമില്ല. മണിപ്പൂർ, അരുണാചൽ, അസ്സാം, ബർമ്മ തുടങ്ങി പലയിടത്തും നാഗന്മാരുണ്ടെങ്കിലും വിഭജിച്ച് ഭരിക്കുകയെന്ന നയം പിൻതുടർന്നു വന്ന ബ്രിട്ടീഷുകാർ ആസ്സാമിന്റെ ഭാഗമായി നാഗാ ജില്ല എന്നൊന്നു രൂപീകരിച്ചു. അരുണാചലിന്റെ (NEFA) ഭാഗമായിരുന്ന ടുൻസാങ് ഭാഗവും നാഗാ ജില്ലയും ചേർന്നതാണ് ഇന്നത്തെ നാഗാലാന്റ്.

താൻ ഇന്ത്യാക്കാരനാണെന്നു പറയുന്ന നാഗനെ കണ്ടുമുട്ടുക പ്രയാസം തന്നെ. അവരുടെ അഭിപ്രായത്തിൽ നാഗന്മാർ ഒരു വ്യത്യസ്ത നേഷൻ (Nation) ആണ്. ഇന്ത്യയിലേയും ബർമ്മയിലേയും നാഗാ അധിവാസ പ്രദേശങ്ങളെല്ലാം ചേർത്ത് ശരിയായ നാഗാലാന്റ് ഉണ്ടാക്കുകയാണ് അവരുടെ ലക്ഷ്യം. ഗുവാഹത്തിക്കോ, ഡൽഹിക്കോ, ബോംബേയ്ക്കോ മറ്റോ പോകുന്ന നാഗനോട് "എവിടെ പോകുന്നു" എന്നു ചേദിച്ചാൽ "ഇന്ത്യയ്ക്ക് പോകുന്നു" എന്നാണു പറയുക. മടങ്ങിവരുമ്പോൾ "ഇന്ത്യയ്ക്കു പോയിട്ടു വരികയാണ്" എന്നു പറയും. മദ്രാസിൽ പോയിട്ടു വന്ന നാഗൻ ഒരിക്കൽ എന്നോടു പറഞ്ഞു "ഞാൻ മദ്രാസ് വരെ പോയിരുന്നു ഞാൻ വിചാരിച്ചതു പോലല്ല കേട്ടോ, ഇന്ത്യ വളരെ വലുതാണ്."

ഇന്ത്യാക്കാരല്ലാത്തതുകൊണ്ട് നാഗന്മാർ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തില്ല. രണ്ടാം ലോകമഹായുദ്ധക്കാലത്ത് ജപ്പാൻകാർ കൊഹീമ വരെ വന്നു. ഘോരമായ ഒരു യുദ്ധം തന്നെ അവിടെ നടന്നു. അതിന്റെ സ്മാരകമായി ഒരു ശവപ്പറമ്പ് ഇന്നും ഉണ്ടവിടെ. ഇന്ത്യാക്കാരും ജപ്പാൻകാരും ഏതു രാജ്യക്കാരെന്നറിഞ്ഞുകൂടാത്തവരും അവിടെ അന്ത്യവിശ്രമം കൊള്ളുന്നു. കുറച്ചു ബ്രിട്ടീഷുകാരുമുണ്ട്. ലോകത്തിലെവിടെയും കാണപ്പെടുന്ന അത്ഭുത ജീവികളായ മലയാളികളും ഉണ്ട്. നന്നായികാത്തു സൂക്ഷിക്കപ്പെടുന്ന ഈ ശവപ്പറമ്പ് കാണാൻ അനേകർ എത്തുന്നു.

അവിടെയെഴുതിവെച്ചിരിക്കുന്ന ഒരു വാചകം ഏവരുടേയും ശ്രദ്ധയാകർഷിക്കും.

"When you go home
Tell them of us and say
For your tomorrow
We gave our today"

(നിങ്ങൾ വീട്ടിൽ പോകുമ്പോൾ
ഞങ്ങളെപ്പറ്റി അവരോടു പറയുക
നിങ്ങളുടെ നാളെയ്ക്കുവേണ്ടി
ഞങ്ങൾ ഞങ്ങളുടെ ഇന്ന് നല്കി.)

ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടു പോകുന്നുവെങ്കിൽ തങ്ങൾ സ്വതന്ത്രരായി നില്ക്കണമെന്ന് നാഗന്മാർ തീരുമാനിച്ചു നാഗന്മാരെ ഇന്ത്യയോടൊപ്പം നില്ക്കാൻ അവരുടെ ആഗ്രത്തിനു വിപരീതമായി നിർബന്ധിക്കയില്ലെന്ന് ഗാന്ധിജി വാക്കു കൊടുത്തിരുന്നു എന്നും പറയപ്പെടുന്നു. ഏതായാലും ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടിയതിന്റെ തലേദിവസം, അതായത് 1947 ആഗസ്റ്റ് 14 നാഗന്മാരുടെ സ്വാതന്ത്ര്യദിനമായി ആഘോഷിച്ചുവരുന്നുണ്ടുതാനും. ബ്രിട്ടീഷുകാർ വരുന്നതുവരെ തങ്ങൾ ഇന്ത്യയുടെ ഭാഗമല്ലായിരുന്നു എന്നും തങ്ങളെ കീഴടക്കിയ ബ്രിട്ടീഷുകാർ പോകുന്നതോടെ വീണ്ടും സ്വതന്ത്ര രാഷ്ട്രമായിയെന്നുമാണ് അവർ പറയുന്ന ന്യായം.

പക്ഷേ അന്നത്തെ ഇന്ത്യൻ ഭരണകർത്താക്കൾ ഈ അവകാശവാദങ്ങളൊന്നും വകവച്ചില്ല. ബ്രിട്ടീഷുകാരുടെ കൈവശമിരുന്ന ഭാഗങ്ങളെല്ലാം ഇന്ത്യയുടെ ഭാഗമായി തുടരുമെന്ന നിലപാടിൽ അവർ ഉറച്ചു നിന്നു. അവസാനം ഇരുകൂട്ടരും ഒരു ഒത്തുതീർപ്പിലെത്തി. അടുത്ത പത്തുവർഷം നിലവിലുള്ള അവസ്ഥ തുടരാമെന്നും അതുകഴിഞ്ഞ് ഈ വിഷയം വീണ്ടും പരിഗണിക്കാമെന്നുമായിരുന്നു തീരുമാനം.

അങ്ങനെ, അടുത്ത പത്തുവർഷത്തേക്ക് പ്രശ്നങ്ങൾ ഒന്നും ഉണ്ടായില്ല. കാലാവധി തീരാറായപ്പോഴേയ്ക്കും പ്രശ്നം വീണ്ടും തലപൊക്കി. 'ഭായിഭായി' പറഞ്ഞു നടന്ന ചൈനയായിരുന്നു പിന്നിൽ. പത്തു വർഷക്കാലം തീരുമ്പോൾ തങ്ങൾക്കു സ്വാതന്ത്ര്യം വേണമെന്നു നാഗന്മാർ ആവശ്യപ്പെട്ടു. എന്നാൽ പത്തുവർഷം കഴിഞ്ഞ് നാഗാപ്രശ്നം വീണ്ടും പരിഗണിക്കാമെന്നാല്ലാതെ സ്വാതന്ത്ര്യം തരാമെന്നു പറഞ്ഞിട്ടില്ല എന്ന നിലപാടാണ് ഇന്ത്യാ ഗവൺമെന്റ് എടുത്തത്. അതോടെ പ്രശ്നം തലപൊക്കി. നാഗാ നാഷണൽ കൗൺസിൽ (NNC) സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഫെഡറൽ ഗവൺമെന്റ് ഓഫ് നാഗാലാന്റ് (FGN) എന്നൊരു ഗവൺമെന്റും ഒരു നാഗാ ആർമിയും രൂപീകരിച്ചു. ഇതൊരു ആഭ്യന്തര യുദ്ധമായി പരിണമിച്ചു.

കുന്നുകളും വനങ്ങളും മറ്റും നിറഞ്ഞ നാഗാലാന്റിൽ ഒളിനാഗന്മാരെ തേടിപ്പിടിക്കുകയെന്ന പണി നടപ്പുള്ളതല്ല. മാത്രമല്ല, ആരൊക്കെയാണ് ഒളിനാഗനെന്നും ആരൊക്കെയാണ് സാധാരണക്കാരനെന്നും എങ്ങനെയറിയും? ഇന്ത്യൻ പട്ടാളം ശരിയ്ക്കും ബുദ്ധിമുട്ടിയെന്നു പറഞ്ഞാൽ മതിയല്ലോ. പക്ഷേ നാഗന്മാർക്ക് ഈ ബുദ്ധിമുട്ടുകളൊന്നും ഉണ്ടായില്ല. കാടും മലയുമെല്ലാമാണല്ലോ ഇവരുടെ വീട്. നാഗനല്ലാത്തതെല്ലാം ശത്രു എന്നു കണക്കാക്കിയാൽ ബാക്കി പ്രശ്നവും തീർന്നു. ആയുധത്തിനും പഞ്ഞമില്ല. 'ഭായി' വേണ്ടതെല്ലാം കൊടുക്കാൻ തയ്യാർ. നല്ല ചില നേതാക്കന്മാരേയും അവർക്കു ലഭിച്ചു. A.Z. പിസോ (അൻഗാമി ഗോത്രം), ഘൊടാവോ യാന്താൻ (ലോത്താ ഗോത്രം) എന്നിവരായിരുന്നു പ്രധാന നേതാക്കന്മാർ. ഇവരേക്കൂടാതെ മറ്റു ഗോത്രങ്ങളിൽനിന്നും നേതാക്കന്മാരുണ്ടായിരുന്നു. പരസ്പരം കലഹിച്ചു കഴിഞ്ഞിരുന്ന നാഗന്മാരുടെയിടയിൽ ഇത്രത്തോളം ഐക്യമുണ്ടായ മറ്റൊരു കാലമില്ല. സ്വന്തം നാടിനുവേണ്ടി പോരാടുന്ന നാഗന്മാരുടെ സമർപ്പണവും ധൈര്യവും ആത്മാർത്ഥതയും മനോവീര്യവും 'ആർക്കാനും വേണ്ടി ഓക്കാനിക്കുന്ന' ഇന്ത്യൻ പട്ടാളത്തിനില്ലായിരുന്നു. അങ്ങനെ യുദ്ധം നീണ്ടു പോയി. നാഗന്മാർ വിജയിച്ചു എന്നു പോലും തോന്നിപ്പോകുന്ന പല ഘട്ടങ്ങളും ഉണ്ടാകയും ചെയ്തു.

കൂനിന്മേൽ കുരു എന്ന പോലെ ചൈനയുമായുള്ള യുദ്ധവുമാരംഭിച്ചു. എല്ലാവിധത്തിലും തളർന്ന ഇന്ത്യ ഒരു വിധത്തിൽ ഒരു ഒത്തുതീർപ്പുണ്ടാക്കി. അതനുസരിച്ച് നാഗാലാന്റ് എന്ന സംസ്ഥാനം രൂപം കൊണ്ടു. ആസ്സാമിലെ നാഗാ ജില്ല, NEFA (അരുണാചൽ) യിലെ ടുൻസാങ് പ്രദേശം എന്നിവ ചേർന്നതായിരുന്നു പുതിയ സംസ്ഥാനം.

സാഹചര്യത്തിന്റെ സമ്മർദ്ദം കൊണ്ട് ഇത്തരമൊരു ഒത്തുതീർപ്പിന് നാഗന്മാർ സമ്മതിച്ചുവെന്നല്ലാതെ അവർ അതിന് സ്വമനസ്സാലെ തീരുമാനിക്കയല്ല ചെയ്തത്. മിക്കവരും ഇത്തരമൊരു പദ്ധതിക്ക് എതിരായിരുന്നുതാനും. യഥാർത്ഥത്തിൽ നാഗാലാന്റിന്റെ രൂപീകരണം നാഗാപ്രശ്നം പരിഹരിക്കുകയല്ല പുതിയ കുറെ പ്രശ്നങ്ങൾ ഉണ്ടാക്കുകയാണു ചെയ്തത്. പത്തുവർഷങ്ങൾക്കു ശേഷം ഷില്ലോംഗിൽവച്ച് വീണ്ടുമൊരൊത്തുതീർപ്പുണ്ടാക്കിയെങ്കിലും അതും പുതിയ പ്രശ്നങ്ങൾക്കു വഴി തുറക്കുകയാണുണ്ടായത്. 'ഷില്ലോംഗ് അക്കോഡ്' എന്നറിയപ്പെടുന്ന ഈ പുതിയ ഒത്തുതീർപ്പിനെ അനുകൂലിച്ചവരെ ജനം വഞ്ചകരായി കണക്കാക്കി. പഴയ എൻ.എൻ.സിയുടെ സ്ഥാനത്ത് ഏറെത്താമസിയാതെ നാഷണൽ സോഷ്യലിസ്റ്റ് കൗൺസിൽ ഓഫ് നാഗാലാന്റ് (NSCN) എന്നൊരു പുതിയ പ്രസ്ഥാനം നിലവിൽ വന്നു. ഗവൺമെന്റ് ഓഫ് ദ പീപ്പിൾസ് റിപ്പബ്ലിക്ക് ഓഫ് നാഗാലാന്റ് (GPRN) എന്ന ഒരു സമാന്തര ഗവൺമെന്റും അവർ ഉണ്ടാക്കി. നാഗന്മാർ അധിവസിക്കുന്ന പ്രദേശങ്ങളെല്ലാം ഉൾപ്പെട്ട ഒരു സ്വതന്ത്ര രാഷ്ട്രം രൂപീകരിക്കുകയെന്നതാണ് ഇവരുടെ ലക്ഷ്യം.




# ആയുരാരോഗ്യം പുതുവർഷത്തിൽ



**ഡോ.ജയിംസ് മണിത്തോട്ടം**

ആരോഗ്യം സർവ്വധനാൽ പ്രധാനം ആയതിനാൽ മെച്ചപ്പെട്ട ആരോഗ്യത്തിനും രോഗങ്ങളില്ലാത്ത 2006നും വേണ്ടി ഒരു പുതിയ കാൽവെയ്പ് പുതുവർഷ പുലരിയിൽ തന്നെ തുടങ്ങാം. ആധുനിക യുഗത്തിന്റെ നൂതന സംഭാവനകളുൾപ്പെടുന്ന മലയാളികളെ വിടാതെ പിൻതുടരുന്ന മാറാരോഗങ്ങൾ താഴെ പറയുന്നവയാണ്.

1. അമിതവണ്ണവും വ്യായാമമില്ലായ്മയും പിരിമുറുക്കവും ഉത്കണ്ഠയും ഒത്ത് ചേർന്ന് സംഭാവന നൽകുന്ന - ഹൃദ്രോഗങ്ങൾ, രക്ത സമ്മർദം, പ്രമേഹം.
2. തെറ്റായ ഭക്ഷണരീതികളും പ്രകൃതി വിരുദ്ധ ജീവിത രീതികളും നൽകുന്ന ക്യാൻസർ.
3. ആവശ്യത്തിനും അനാവശ്യത്തിനും മരുന്നുകളുടെ ദുരുപയോഗം മൂലമുണ്ടാകുന്ന അൾസർ, ഗ്യാസ്ട്രബിൾ, പൈൽസ്, ക്യാൻസർ.
4.പ്രതിരോധ ശേഷിയിലും പ്രതികരണശേഷിയിലും ഉണ്ടാകുന്ന ഏറ്റകുറച്ചിൽ മൂലമുണ്ടാകുന്ന അലർജി, ആസ്മ, ത്വക് രോഗങ്ങൾ.
5. പ്രായാധിക്യത്താൽ ഉണ്ടാകുന്ന വാതരോഗങ്ങൾ, നടുവ് വേദന, അൽഷീമേഴ്സ്ഡിസീസ്.
6. വൈകാരികപക്വത (Emotional Quotiant (EQ))യിലുണ്ടാകുന്ന അസന്തുലസ്ത മൂലമുണ്ടാകുന്ന മാനസിക-വൈകാരിക ശാരീരിക അസ്വസ്ഥതകൾ (Phycho somatic deseases). അകാരണമായ ഭീതി, ഉത്കണ്ഠ, പിരി മുറുക്കം, ആത്മവിശ്വാസക്കുറവ്, അപകർഷതാബോധം, രോഗഭീതി, പരാജയഭീതി തുടങ്ങിയവ വൈകാരിക അസ്വസ്ഥതകൾ. ജനം ആശുപത്രികളിലും ക്ലിനിക്കുകളിലും ലാബോറട്ടറികളിലും തിങ്ങിക്കൂടി തിക്കിതിരക്കുന്നു. 70% രോഗങ്ങളും ഏറ്റവും അവസാനം സൂചിപ്പിച്ച കാരണങ്ങളാലും 30% മാത്രം ബാക്ടീരിയ, വൈറസ്, ഫംഗസ് തുടങ്ങിയ സൂക്ഷ്മാണുക്കളുടെ ബാധ അല്ലെങ്കിൽ ഇൻഫെക്ഷൻ മൂലവും ആണ് ഉണ്ടാകുന്നത്. ഈ ബഹുഭൂരിപക്ഷത്തെ 2006-ൽ എങ്ങനെ രക്ഷിക്കാം അഥവാ അവർക്ക് എങ്ങനെ രക്ഷപ്പെടാം?

1. വ്യായാമങ്ങൾ, നടത്തം, ജോഗിംഗ്, മനസ്സിനിഷ്ടപ്പെട്ട കളികൾ തുടങ്ങിയവ ജീവിതത്തിന്റെ ഭാഗമാക്കുക. (ഉദാ. ബാറ്റ്മിന്റൻ, ഷട്ടിൽ, ടെന്നീസ്, ഫുട്ബോൾ, ജിംനേഷ്യം)
2. വറുത്തതും പൊരിച്ചതുമായ ഭക്ഷണം, ഇറച്ചി തുടങ്ങിയവ പരമാവധി കുറയ്ക്കുക. ബേക്കറി വിഭവങ്ങൾ, ഫാസ്റ്റ് ഫുഡ്, കോള തുടങ്ങിയവ വർജിക്കുക.
3. നാടൻ ഭക്ഷണം, എരിവും പുളിയും മസാലയും ഉപ്പും മധുരവും കുറച്ച് കഴിക്കുക. പച്ചക്കറി-പഴവർഗ്ഗ ധാന്യ വസ്തുക്കൾ എന്നിവ ആഹാര രീതിയാക്കുക.
4. മാനസിക വൈകാരിക വ്യായാമത്തിന് മനസ് തുറന്നുള്ള സംഭാഷണങ്ങളും തമാശകളും നേരമ്പോക്കുകളും ജീവിതത്തിന്റെ ഭാഗമാക്കുന്നതോടൊപ്പം തന്നെ പരദൂഷണം, അസൂയ, നീരസം, അസഹിഷ്ണുത എന്നിവ 2006ൽ തുടരാതിരിക്കുക.
5. മരുന്നുകളുടെ ദുരുപയോഗവും പാർശ്വഫലങ്ങളും ഒഴിവാക്കാൻ സ്പെലിസ്റ്റ് ഭ്രമം ഒഴിവാക്കി ഇംഗ്ലണ്ടിലേപ്പോലെ കുടുംബ ഡോക്ടർ കൺസെപ്റ്റിലേക്ക് തിരിച്ച് വരിക.
6. പുകവലി, മദ്യപാനം, മയക്ക് മരുന്ന്, പാൻ മസാല, പ്രകൃതി വിരുദ്ധ ലൈംഗികത തുടങ്ങിയവയ്ക്ക് വിരാമമിടുമെന്ന് പ്രതിജ്ഞയെടുക്കുക.
7. വിഷമങ്ങളോടും ഉറക്ക ഗുളികകളോടും വിടപറഞ്ഞ് 2006-ൽ ആത്മവിശ്വാസത്തോടും തന്റേടത്തോടും ജീവിക്കുവാൻ തീരുമാനിക്കുക.